

2019
May

# വിമല

Vol.13 Issue No. 5



ST. MARY'S FORANE CHURCH ATHIRAMPUZHA



2,00,000+
സംതൃപ്ത കുടുംബങ്ങൾ
Chavara Matrimony.com
World's No.1 Christian Matrimonial
വിവാഹം
ദൈവഹിതം പോലെ
5 ലക്ഷം+ ക്രിസ്ത്യൻ പ്രൊഫൈലുകൾ
23 വർഷത്തെ സേവനപാരമ്പര്യം
1 ലക്ഷം+ വിവാഹങ്ങൾ
CHAVARA FAMILY WELFARE CENTRE
H.O. Chavara Cultural Centre, Kochi (Managed by CMI Priests Since 1996)
25 BRANCHES IN KERALA, BANGALORE, COIMBATORE, MUMBAI & DELHI
KOTTAYAM 99957 77601
Fr. Roby Kannanchira CMI
(Director)
Johnson C. Abraham
(Executive Director)
FREE
30
DAYS
99 61 74 44 44
04844080333
1800 103 4080
Follow us



2019 മെയ്

# വിമല

അതിരമ്പുഴ സെന്റ് മേരീസ് പാരിഷ് ബുള്ളറ്റിൻ


മാനേജിംഗ് എഡിറ്റർ
**ഫാ. സിറിയക് കോട്ടയിൽ**
9447343828
ചീഫ് എഡിറ്റർ
**ഫാ. സോണി പള്ളിച്ചിറയിൽ**
8547978174
എക്സി. എഡിറ്റേഴ്സ്
**ഫാ. പ്രിൻസ് മാഞ്ഞൂരാൻ**
7034885003
**ഫാ. ജിജോ കുറിയന്നൂർപറമ്പിൽ**
9562323402
**ഫാ. സെബാസ്റ്റ്യൻ ഈറ്റോലിൽ**
9539895200

കൈക്കാരന്മാർ
**സണ്ണി ജോർജ്ജ്** തേക്കുംകാട്ടിൽ
**ഒ. ജെ. ദേവസ്യാ** ഒതളമറ്റംതടത്തിൽ
**തോമസ് ജോസഫ്** പുതുശ്ശേരിൽ
**മാത്യു റ്റി. ജെ.** തേക്കുനില്ക്കുംപറമ്പിൽ

പാരീഷ് കൗൺസിൽ സെക്രട്ടറി
**സഞ്ജിത്ത് പി. ജോസ് പ്ലാമൂട്ടിൽ**


## ഉള്ളടക്കം


**2**
**എഡിറ്റോറിയൽ**

**3-7**
**അച്ചന്മാരുടെ കത്തുകൾ**

**8-11**
**ഉയിർപ്പുകാല ചിന്തകൾ**

**12-15**
**പഞ്ചവത്സര അജപാലന പദ്ധതി...**

**16--23**
**വിവിധ റിപ്പോർട്ടുകൾ**

**28--29**
**തന്റേടം**





*ലേ-ഔട്ട് :* **അക്ഷരജ്യോതി 9645754114**
tomythomasktym@gmail

## എഡിറ്റോറിയൽ



# തീവ്രവാദം കൂരിരുൾ പരത്തുമ്പോൾ...

*പ്രത്യാശയുടെ തിരുനാളായ ഈസ്റ്റർദിനത്തിൽ അനേകരുടെ പ്രത്യാശയുടെമേൽ കൂരിരുൾ പരത്തിക്കൊണ്ട് ഭീകരവാദം നഗ്നതാണ്ഡവം ആടി. വംശീയതയ്ക്കും വർഗീയതയ്ക്കും ആളും അർത്ഥവും നല്കി പരിപാലിക്കുന്നവർ സിംഹളമണ്ണിൽ നടത്തിയ ക്രൂരവിനോദം ലോകമനഃസാക്ഷിയെ അക്ഷരാർത്ഥത്തിൽ നടുക്കിക്കളഞ്ഞു. മതത്തിന്റെയും ജാതിയുടെയും വർഗ്ഗത്തിന്റെയും പേരിലുള്ള വിദ്വേഷം അവസാനിപ്പിക്കുവാൻ മനുഷ്യരാകെ ഉണരേണ്ടിയിരിക്കുന്നു. ഭാരതത്തിന്റെ കണ്ണുനീർ എന്ന അപരനാമമുള്ള ശ്രീലങ്ക അക്ഷരാർത്ഥത്തിൽ കണ്ണീർക്കടലായി രക്തപങ്കിലമായപ്പോൾ; ഉത്ഥിതരൂപം രക്തത്തുള്ളികളാൽ അഭിഷേചിതമായി പ്രത്യാശയുടെ സന്ദേശം പേറി ശ്രീലങ്കൻമണ്ണിൽ തല ഉയർത്തി നില്ക്കുന്നു.*

*വർഗീയതയേയും ഭീകരതയേയും വേരോടെ പിഴുതെടുക്കാൻ കഴിയുന്ന ലോകരാഷ്ട്രങ്ങളുടെ സംഘാത്മകത ഉണ്ടാകണം. രക്തസാക്ഷികളുടെ ചുടുനിണത്താൽ വളർന്ന സഭ അതിജീവനം സ്വായത്തമാക്കി സ്നേഹത്തിന്റെ, കാരുണ്യത്തിന്റെ സന്ദേശം ഇനിയും ഈ ലോകത്തിന് പ്രദാനം ചെയ്യും....*

*സോണിയച്ചൻ*



**ഫാ. സിറിയക് കോട്ടയിൽ**
വികാരി, സെന്റ് മേരീസ് ഫൊറോന ചർച്ച് അതിരമ്പുഴ
9447343828 cyriackottayil7@gmail.com

പ്രിയപ്പെട്ട ഇടവകാംഗങ്ങളേ,

ഈശോയുടെ ഉത്ഥാനാനുസ്മരണത്തിന് ശേഷമുള്ള ദിനങ്ങളിലാണല്ലോ നാം. ഉത്ഥിതനായ ഈശോയിലുള്ള പ്രത്യാശയിൽ എന്നും ജീവിക്കുവാൻ നമുക്ക് ഇടയാകട്ടെ. ചെറിയ പള്ളി പുതുക്കി നിർമ്മിച്ചതിന്റെ ശതാബ്ദി സ്മാരകമായി നിർമ്മിച്ച ഏ.സി. ഓഡിറ്റോറിയത്തിന്റെ ആശീർവാദ കർമ്മവും ഇടവകദിനാചരണവും ഭംഗിയായി നടത്താൻ കഴിഞ്ഞതിലുള്ള സന്തോഷം ഞാൻ നിങ്ങളെ അറിയിക്കുന്നു. അക്കാര്യത്തിൽ സഹകരിച്ച എല്ലാവരോടുമുള്ള നന്ദി ഒരിക്കൽക്കൂടി ഞാൻ അറിയിക്കട്ടെ.

മെയ് മാസം മാതാവിനെ പ്രത്യേകമായി നാം അനുസ്മരിക്കുന്ന മാസമാണല്ലൊ. ഇടവകപള്ളിയോട് ബന്ധപ്പെട്ട വിവിധ കേന്ദ്രങ്ങളിൽ മെയ് മാസത്തിൽ നടത്തുന്ന വണക്കമാസത്തിലും ലദീഞ്ഞിലും കൂടുതൽ പേർ പങ്കെടുത്ത് അമ്മവഴി ദൈവാനുഗ്രഹങ്ങൾ നേടുവാൻ ശ്രദ്ധിക്കുമല്ലൊ.

മെയ് നാലിനാണ് നമ്മുടെ ഇടവകയിലെ കുട്ടികളുടെ ആഘോഷമായ കുർബാന സ്വീകരണവും ആദ്യ കുമ്പസാരവും. ആ കുട്ടികൾക്കു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. കുട്ടികളുടെ മാതാപിതാക്കൾ പ്രാർത്ഥിച്ചും പഠിപ്പിച്ചും അവരെ ഒരുക്കുവാൻ ശ്രദ്ധിക്കുന്നതിൽ ഉപേക്ഷ വിചാരിക്കരുതെന്ന കാര്യം അറിയിക്കുന്നു.

പാറോലിക്കൽ കുരിശുപള്ളിയിൽ വി. ഗീവർഗ്ഗീസിന്റെയും റീത്താ

ചാപ്പലിൽ വി. റീത്തായുടെയും മാറാമ്പ് ചാപ്പലിൽ വി. യൗസേഫ് പിതാവിന്റെയും തിരുനാൾ ആഘോഷിക്കുന്നത് മെയ് മാസത്തിലാണല്ലോ. തിരുനാളിൽ പങ്കെടുത്ത് ദൈവാനുഗ്രഹങ്ങൾ നേടാൻ നമുക്ക് ശ്രദ്ധിക്കാം.

മെയ് 8 മുതൽ 12 വരെ നടക്കുന്ന അഭിഷേകാഗ്നി കൺവൻഷനിലേക്ക് നിങ്ങളെ ഏവരേയും ഞാൻ സ്വാഗതം ചെയ്യുന്നു. കൺവൻഷൻ എല്ലാ ദിവസങ്ങളിലും വൈകുന്നേരം 4.30 മുതൽ 9.30 വരെയാണ്. ബന്ധുക്കളെയും സുഹൃത്തുക്കളെയും കൺവൻഷനിലേക്ക് ക്ഷണിക്കാൻ നിങ്ങൾ ശ്രദ്ധിക്കുമല്ലോ. ഏവർക്കും ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ട്.

**വികാരിയച്ചൻ**

---



**ഫാ. പ്രിൻസ്** മാഞ്ഞൂരാൻ

princejmvc@gmail.com

എല്ലാവർക്കും സ്നേഹാശംസകൾ! ഏപ്രിൽ മാസം നമ്മെ കൂടുതൽ പള്ളിയോടടുപ്പിച്ചു നിർത്തിക്കൊണ്ട് കടന്നുപോയി. വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങളും ഈസ്റ്ററാഘോഷവും എല്ലാവരുടെയും ഹൃദയങ്ങളെ സ്പർശിച്ചു എന്നു വിശ്വസിക്കട്ടെ.

ഉത്ഥാനത്തിന്റെ ജീവിതം പ്രതീക്ഷയുടെ ജീവിതമാണ്. ക്രൈസ്തവജീവിതം തന്നെ ഈശോയാകുന്ന പ്രതീക്ഷയിലുള്ള ജീവിതമാണല്ലോ. തമ്പുരാന്റെ സന്നിധിയിൽനിന്നും ആരംഭിച്ച ഈ ജീവിതം ആ മടിയിൽ വിലയം പ്രാപിക്കുംവരെ പ്രത്യാശയോടെ സ്നേഹത്തിൽ നമുക്ക് ആഘോഷമാക്കാം. ഇതാണ് ക്രൈസ്തവധർമ്മം. ഉത്ഥാനനുഭവത്തിന്റെ തണലിൽ പരിശുദ്ധാത്മാവിലൂടെ വളർന്നുവരുന്ന സഭയുടെ ചിത്രമാണ് നാം ഇപ്പോൾ അനുസ്മരിക്കുന്നത്. ക്രിസ്താനുഭത്തിന്റെ ശക്തിയിൽ പരിശുദ്ധാത്മാവിന്റെ വരങ്ങളാലും ദാനങ്ങളാലും നിറഞ്ഞു സഭ വിശ്വാസം പ്രഘോഷിക്കുകയാണ്. നമുക്കും സഭയോടൊപ്പം ചേരാം. ആത്മീയ ഉണർവിന്റെ ദിനങ്ങളായി ഈ സമയത്തെ മാറ്റാം. ആത്മാഭിഷേകത്താൽ നിറയാൻ അവിടുത്തെ ശക്തിക്കായി പ്രാർത്ഥിക്കാം. ദൈവത്തിന്റെ അനുഗ്രഹം പ്രാർത്ഥിക്കുന്നു.

പ്രിൻസച്ചൻ

ഫാ. ജിജോ കുറിയന്നൂർപറമ്പിൽ
tjijo123@gmail.com
9562323402



## അരിമത്തിയക്കാരൻ ജോസഫും നിക്കോദേമോസും പിന്നെ ഞാനും

ഈശോയിൽ പ്രിയപ്പെട്ടവരേ,

തീവ്രമായ പ്രാർത്ഥനയും ഉപവാസവും ദാനധർമ്മവും നിറഞ്ഞു നിന്ന വലിയനോമ്പിലെ ആഴ്ചകൾ പൂർത്തിയാക്കി ഉത്ഥാനത്തിന്റെ അനുഭവത്തിലേയ്ക്ക് നമ്മൾ പ്രവേശിച്ചിരിക്കുന്നു. വലിയ നോമ്പ് അവശേഷിപ്പിക്കുന്ന വലിയൊരു വെല്ലുവിളിയുണ്ട്. അത് ഉത്ഥാനത്തിന്റെ ജീവിക്കുന്ന സാക്ഷികളാകാനുള്ള വിളിയാണ്. അരിമത്തിയക്കാരൻ ജോസഫും നിക്കോദേമോസും കുരിശിൽ തറച്ച ഈശോയുടെ ശരീരം പാവനമായി കല്ലറയിൽ സംസ്ക്കരിക്കുന്ന രംഗം സുവിശേഷത്തിലുണ്ട്. കഴുകന്മാർ കൊത്തി നശിപ്പിക്കേണ്ടിയിരുന്ന ഈശോയുടെ ശരീരത്തെ കാത്ത് സംരക്ഷിച്ച് പാവനമായി സംസ്ക്കരിച്ച അരിമത്തിയക്കാരൻ ജോസഫിനെയും നിക്കോദേമോസിനെയും പോലെ കർത്താവിന്റെ ശരീരമാകുന്ന സഭയെ കഴുകന്മാർ കൊത്തി നശിപ്പിക്കാതിരിക്കാൻ, സഭയുടെ ജീവിക്കുന്ന സാക്ഷികളും സംരക്ഷകരുമാകാൻ നമ്മിൽ അരിമത്തിയക്കാരൻ ജോസഫും നിക്കോദേമോസും ജനിക്കേണ്ടിയിരിക്കുന്നു. ഈ വെല്ലുവിളി ഏറ്റെടുത്ത് ഉത്ഥാനത്തിന്റെ സാക്ഷികളാകാൻ ഏവർക്കും സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്.

ജിജോച്ചൻ

**ഫാ. ജോസഫ് പള്ളിച്ചിറയിൽ**
sonypallichira@gmail.com
8547978174



മിശിഹായിൽ സ്നേഹം നിറഞ്ഞവരെ,

ദൈവത്തിന് പ്രീതികരവും വിശുദ്ധവും സജീവവുമായ ആരാധനയായ വിശുദ്ധകുർബാനയിലേയ്ക്ക് ഉത്ഥിതനായ മിശിഹാ പ്രത്യേകമാംവിധം നമ്മെ ക്ഷണിക്കുന്നു. ജറുസലേംവിട്ട് പ്രത്യാശയറ്റവരായി എമ്മാവൂസിലേയ്ക്ക് യാത്രചെയ്ത ശിഷ്യർക്ക് കൂടെ യാത്രചെയ്തവൻ അപരിചിതനായിരുന്നു. അപരിചിതൻ ദൈവവചനം വ്യാഖ്യാനിച്ചു നല്കിയപ്പോൾ ഹൃദയം ജ്വലിച്ച ഭൂതകാല അനുഭവം, അപ്പം ആശീർവദിച്ചു മുറിച്ചു നല്കിയപ്പോൾ ആന്തരികനേത്രങ്ങൾ തുറന്ന അവർ ഓർത്തു.

പ്രിയപ്പെട്ടവരെ, ഉത്ഥിതൻ നല്കുന്ന പ്രത്യേക ദാനമായ അനുരഞ്ജനകൂദാശയിലും; അപരിചിത മനോഭാവം മാറി ഈശോ എന്റെ രക്ഷകനും നാഥനുമാണെന്ന് ഏറ്റുപറയുവാൻ ശക്തി ലഭിക്കുന്ന വി. കുർബാനയിലും ഏകാഗ്രതയോടും ഭക്തിയോടെയും ശ്രദ്ധയോടെയും നമുക്ക് പങ്കുചേരാം.

പ്രിയ യുവജനങ്ങളേ, കുട്ടികളേ ഭാവി ജീവിതത്തെ പ്രത്യാശയോടെ സമീപിക്കുവാൻ തക്കവിധത്തിൽ ഈ മദ്ധ്യവേനൽ അവധിക്കാലം ഉപയോഗിക്കുവാൻ പരിശ്രമിക്കാം. ഭൗതിക ജീവിതത്തിന്റെ സുരക്ഷിതത്വത്തോടൊപ്പം ആത്മീയ ജീവിതവും ഫലദായകമാക്കാൻ പരിശ്രമിക്കാം. മെയ് 12 ഞായർ 9.30 മുതൽ 3.30 വരെ അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രം നയിക്കുന്ന യുവജന കൺവൻഷനിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്തുകൊണ്ട്

സ്നേഹപൂർവ്വം

സോണിയച്ചൻ



**ഫാ. സെബാസ്റ്റ്യൻ ഈറ്റോലിൽ** MCBS

9539895200

## കർത്താവിന്റെ ഉത്ഥാനം

ഈശോ മഗ്ദലനാമറിയത്തിന് പ്രത്യക്ഷപ്പെട്ടു. അവൻ തോട്ടക്കാരനായിരിക്കും എന്നു മറിയം വിചാരിച്ചു. എന്നാൽ അവിടുന്ന് മറിയം എന്നു വിളിച്ചപ്പോൾ മറിയത്തിന് തിരിച്ചറിവ് ഉണ്ടാകുന്നു. അവളുടെ ആന്തരിക നേത്രങ്ങൾ തുറക്കപ്പെട്ടു. ഗുരു എന്നും റബ്ബോനി എന്നും അവിടുത്തെ വിളിച്ച് ഭക്തിയും സ്നേഹവും വെളിപ്പെടുത്തിക്കൊണ്ട് മഗ്ദലനാമറിയം ഈശോയുടെ പാദങ്ങളിൽ കെട്ടിപിടിച്ചു. ഈശോ തടഞ്ഞുകൊണ്ട് പറഞ്ഞു. “തടയരുത്, ഞാൻ എന്റെ പിതാവിന്റെ പക്കലേയ്ക്ക് കയറിയിട്ടില്ല.” അവിടുന്ന് തന്റെ ഉത്ഥാനത്തിന്റെ പൂർത്തീകരണത്തെയും അവിടുത്തെ ഉന്നത സ്ഥാനത്തേയുംകുറിച്ച് പറയുകയായിരുന്നു. മറിയം അത് മനസിലാക്കി. അവൾ ഒരു സന്ദേശവാഹക ആകേണ്ടതുണ്ട് എന്ന് കർത്താവ് ആഗ്രഹിച്ചു.

ഈശോ മറിയത്തിന് ദൗത്യം നൽകുന്നു, നീ ചെന്ന് എന്റെ സഹോദരന്മാരോട് പറയണം, ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു. (യോഹ 20: 17) ഇതിന്റെ അർത്ഥം പിതാവിങ്കലേക്ക് ചെല്ലുകയും അവിടുന്ന് പരിശുദ്ധാത്മാവിനെ നമ്മിലേക്ക് അയക്കുകയും ചെയ്യുമ്പോഴാണ് ഉത്ഥാനം പൂർത്തിയാകുന്നത് എന്നാണ്. പരിശുദ്ധാത്മാവിലൂടെ അവിടുത്തെ പുനരാഗമനവും പൂർത്തിയാകും, ആത്മാവിനാൽ നിറയപ്പെട്ട് നാം ദൈവമക്കൾ ആകുകയും ചെയ്യും.

എന്തുകൊണ്ടാണ് ദൈവം മേരി മഗ്ദലനായെ ഇത്രയും വലിയ ദൗത്യങ്ങൾ ഏല്പിച്ചത്? കാരണമുണ്ട്; മറിയംമഗ്ദലനായാണ് ദൈവത്തിന്റെ കരുണയും സ്നേഹവും ഏറ്റവും കൂടുതൽ അനുഭവിച്ചറിഞ്ഞത്. മറിയം അനുതാപത്തിന്റെയും ഉന്നത ധ്യാന പ്രാർത്ഥയുടെയും മാതൃകയാണ്. ഗാഗുൽത്തായിലെ കുരിശിൻചുവട്ടിൽ മാതാവിനോടൊപ്പം അവിടെ ധ്യാനനിർലീനയായി അവൾ നിന്നിട്ടുണ്ട്. ഒരിക്കൽ ശിമയോന്റെ വീട്ടിൽ അവൾ ഈശോയുടെ പാദങ്ങൾ കണ്ണീരുകൊണ്ട് കഴുകുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ജീവിതത്തിലും നാം അനുതപിക്കുകയും ഏതു സാഹചര്യത്തിലും ഈശോയോട് ചേർന്ന് നിൽക്കുകയും വേണം. അപ്പോൾ നമുക്കും ദൈവാനുഭവം ലഭിക്കും.

സ്നേഹപൂർവ്വം
ഫാ. സെബാസ്റ്റ്യൻ ഈറ്റോലിൽ



# ഉയിർപ്പുകാലചിന്തകൾ

ഉയിർപ്പുതിരുനാൾ ആഘോഷിച്ച് ഉയിർപ്പുകാലത്തേക്ക് നാം പ്രവേശിക്കുന്നു. തുടർന്ന് പെന്തക്കൊസ്താവരെയുള്ള 50 ദിവസങ്ങൾ ഉത്ഥിതനായ ഈശോയുടെ ജീവിതത്തിലെ സംഭവങ്ങൾ ചരിത്രപരമായും കാലക്രമമനുസരിച്ചും അനുസ്മരിച്ച് വിശകലനം ചെയ്യുകയല്ല ഉയിർപ്പുകാലത്തിന്റെ ലക്ഷ്യം. മറിച്ച് അഗാധമായ പെസഹാരഹസ്യത്തിന്റെ ചില തലങ്ങൾ ക്രിസ്തീയ ജീവിതത്തിൽ സ്വാംശീകരിക്കുവാൻ പരിശ്രമിക്കുകയാണ്. രക്ഷാചരിത്രത്തിലെ ഏറ്റവും വലിയ സംഭവമായ നമ്മുടെ കർത്താവിന്റെ ഉയിർപ്പിനെ കേന്ദ്രീകരിച്ചുള്ള വിചിന്തനങ്ങളും

അനുഷ്ഠാനങ്ങളുമാണ് ഈ കാലഘട്ടത്തിൽ പ്രാധാന്യമർഹിക്കുന്നത്. മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ അത്ഭുതകരമായ പ്രവർത്തികൾ സന്തോഷത്തോടെ അനുസ്മരിച്ച് അവിടുത്തേക്ക് ഒന്നുചേർന്ന് സ്തുതിയും കൃതജ്ഞതയും അർപ്പിക്കുക എന്നതാണ് പ്രധാന കാര്യം. മാമ്മോദീസായിലൂടെ മിശിഹായുടെ മരണത്തിലും ഉത്ഥാനത്തിലും പങ്കാളിയായി, ക്രിസ്തീയ ജീവിതത്തിന് അവകാശിയായതിൽ ഓരോ ക്രിസ്ത്യാനിയും അഭിമാനിക്കുകയും സന്തോഷിക്കുകയും വേണം. മരണത്തിൽനിന്ന് മഹത്ത്വത്തിലേക്കുള്ള മിശിഹായുടെ കടന്നുപോകലിൽ ഓരോ മിശിഹാനുയായിയും ആനന്ദിച്ചാഹ്ലാദിക്കേണ്ട അവസരമാണ് ഉയിർപ്പുകാലം. ഈശോയുടെ സ്വർഗ്ഗാരോഹണവും പെന്തക്കൊസ്താ സംഭവവും ഉയിർപ്പാഘോഷത്തിന്റെതന്നെ ഭാഗങ്ങളാണ്; ഉയിർപ്പാഘോഷത്തിന് മകുടം ചാർത്തുന്ന സംഭവങ്ങൾ.

## ഉയിർപ്പുഞായർ മുതൽ പുതുഞായർവരെ

ഉയിർപ്പുഞായർ മുതൽ പുതുഞായർ വരെയുള്ള എട്ടുദിവസങ്ങൾക്ക് ആരാധനാവത്സരത്തിൽ പ്രത്യേക പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു. ഈശോയുടെ ഉത്ഥാനം ഒരു ചരിത്ര യാഥാർത്ഥ്യമായി അവിടുത്തെ ശിഷ്യന്മാർക്ക് ബോധ്യപ്പെട്ടത് ഈ ദിവസങ്ങളിലാണ്. ഈശോയുടെ പ്രത്യക്ഷവത്കരണങ്ങളാണ് അതിലേക്ക് അവരെ നയിച്ചത്. ലോകാവസാനം വരെ കർത്താവിന്റെ ഉയിർപ്പിനു സാക്ഷ്യം വഹിക്കേണ്ടിയിരിക്കുന്ന സഭയുടെ അടിത്തറയാകേണ്ട ശ്ലീഹന്മാർക്കു ഈശോയുടെ ഉത്ഥാനത്തെ സംബന്ധിച്ചു യാതൊരു സംശയവും ആശങ്കയും ഉണ്ടാകാൻ പാടില്ല. അവരുടെ ബോധ്യം കേവലം കേട്ടുകേൾവിയെ ആധാരമാക്കിയാകരുത്. ഈ സത്യം നേരിട്ടുതന്നെ അവർക്ക് അനുഭവവേദ്യമാകണം. അതാണ് ഈ ദിവസങ്ങളിൽ സംഭവിച്ചത്.

ക്രിസ്തീയ വിശ്വാസത്തിന്റെയും തിരുസഭയുടെയും ആണിക്കല്ല് ഈശോയുടെ ഉത്ഥാനമാണ്. അതിന് ഇളക്കം തട്ടിയാൽ സഭയ്ക്കുതന്നെ നിലനിൽപില്ല. അതുകൊണ്ടാണ് പൗലോസ്ശ്ലീഹാ പ്രഘോഷിച്ചത്, "മിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥം, ഞങ്ങളുടെ പ്രസംഗവും വ്യർത്ഥം" എന്നാണ്. ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട ആദ്യ അവസരത്തിൽ സന്നിഹിതനല്ലായിരുന്ന തോമ്മാശ്ലീഹായ്ക്കും ഉത്ഥിതന്റെ നേരിട്ടുള്ള ദർശനം എട്ടാം ദിവസം ലഭിച്ചു. "എന്റെ കർത്താവേ, എന്റെ ദൈവമേ", എന്നു ഏറ്റുപറഞ്ഞുകൊണ്ട് തോമ്മാശ്ലീഹായും ആ സത്യത്തിന് പരസ്യസാക്ഷ്യം നൽകി. ഈ സംഭവം പ്രത്യേകം അനുസ്മരിക്കുകയാണ് പുതുഞായറാഴ്ച.

ഇപ്രകാരം ഒരേ മനസ്സോടും ഒരേ ഹൃദയത്തോടും ശ്ലീഹന്മാർ

സാക്ഷ്യം നൽകി. ആദിയിൽ ഉണ്ടായിരുന്നവനെ ഞങ്ങൾ കേൾക്കുകയും സ്വന്തം കണ്ണുകൾകൊണ്ട് കാണുകയും നോക്കുകയും ഞങ്ങളുടെ കൈകൾകൊണ്ട് സ്പർശിക്കുകയും ചെയ്തവനെ ജീവന്റെ വചനമായിരിക്കുന്നവനെത്തന്നെ - ഞങ്ങൾ നിങ്ങളോട് അറിയിക്കുന്നു. ലോകാവസാനം വരെ നിലനിൽക്കേണ്ട തിരുസഭയാകുന്ന ഭവനത്തിന് ആഴത്തിൽ കുഴികുഴിച്ച് അടിസ്ഥാനമിട്ട മഹത്തായ ആഴ്ചയാണിത്. ലോകത്തിനുമുഴുവൻ പുതുജീവൻ നൽകിയ മിശിഹായുടെ ശിഷ്യർക്ക് പുതുചൈതന്യം പകർന്ന മഹാസംഭവത്തെ ധ്യാനിച്ച് ഇന്ന് നമ്മോടൊപ്പം ആയിരിക്കുന്ന മിശിഹായുടെ സജീവസാന്നിദ്ധ്യം ആഴത്തിൽ അനുഭവിക്കാൻ ഈയാഴ്ചയിൽ പ്രത്യേകിച്ചും ഉയിർപ്പുകാലം മുഴുവനും നമ്മൾ പരിശ്രമിക്കണം.

ഉയിർപ്പുതിരുനാൾ ആഘോഷത്തോടനുബന്ധിച്ച് മാമ്മോദീസ സ്വീകരിച്ച നവവിശ്വാസികൾ, തങ്ങൾക്കു ലഭിച്ച വിശുദ്ധിയുടെയും നവജീവന്റെയും ബാഹ്യ അടയാളമായി വെള്ളവസ്ത്രങ്ങളണിഞ്ഞ് ദൈവാലയശുശ്രൂഷകളിൽ പങ്കുചേരാൻ ഈ എട്ടു ദിവസങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എട്ടാമത്തെ ദിവസമായ പുതു ഞായറാഴ്ചയ്ക്ക് വെളുത്ത ഞായർ (Wite Sunday)എന്ന പേരുണ്ടാകാൻ കാരണം ഇതാണ്.

## സകല വിശുദ്ധരുടെയും തിരുനാൾ

ഉയിർപ്പുതിരുനാളിനുശേഷം വരുന്ന ആദ്യത്തെ വെള്ളിയാഴ്ചയാണ് നമ്മുടെ സഭാപാരമ്പര്യമനുസരിച്ച് സകല വിശുദ്ധരുടെയും തിരുനാൾ ആചരിക്കുന്നത്. എല്ലാ വിശുദ്ധരുമായുള്ള ആത്മീയബന്ധവും കൂട്ടായ്മയും ക്രിസ്തീയവിശ്വാസത്തിന്റെ ഭാഗമാണ്. ഈ ലോകജീവിതത്തിൽ കർത്താവിന്റെ ഉയിർപ്പിനു സാക്ഷ്യം വഹിച്ച്, മരണത്തിലൂടെ ഈശോയുടെ ഉത്ഥാനത്തിൽ പങ്കുചേർന്നവരാണ് വിശുദ്ധർ. സ്വർഗ്ഗീയ സഭയിലെ അംഗങ്ങളായ ഈ വിശുദ്ധർ ദൈവസന്നിധിയിൽ വ്യാപരിക്കുന്നവരും ഭൂവാസികളായ നമ്മുടെ നന്മ ആഗ്രഹിക്കുന്നവരുമാണ്. അവരുടെ പ്രാർത്ഥന നമുക്കു ശക്തിയും കോട്ടയുമാണ്. അവരോട് ആത്മീയ ഐക്യത്തിൽ ജീവിക്കാനും, ജീവിതത്തിൽ വിജയം വരിച്ച അവരുടെ മാതൃക അനുകരിക്കാനും നമ്മൾ ശ്രദ്ധിക്കണം. സ്വർഗ്ഗവാസികളും ഭൂവാസികളും അണിനിരക്കുന്ന സഭയുടെ ആരാധനാശുശ്രൂഷകളിൽ, പ്രത്യേകിച്ച് പരി. കുർബാനയിലും യാമപ്രാർത്ഥനകളിലും ഈ ദിവസം സജീവമായി പങ്കുചേർന്ന് വിശുദ്ധരോടുള്ള നമ്മുടെ ആദരവും ഭക്തിയും സ്നേഹവും പ്രകാശിപ്പിക്കുവാൻ ഈ തിരുനാൾ പ്രയോജനപ്പെടുത്തണം.

## സ്വർഗ്ഗാരോഹണത്തിരുനാളും പെന്തക്കുസ്തായ്ക്കൊരുക്കവും

പിതാവായ ദൈവം ഏല്പിച്ച രക്ഷാകരദൗത്യം പൂർത്തിയാക്കിയ മിശിഹാ, പിതാവിന്റെ പക്കലേക്ക് തിരിച്ചുപോയ ദിവ്യരഹസ്യത്തിന്റെ ആഘോഷമാണ് സ്വർഗ്ഗാരോഹണത്തിരുനാൾ. നമ്മുടെ കർത്താവിന്റെ ദൃശ്യസാന്നിദ്ധ്യം അതോടെ അവസാനിച്ചെങ്കിലും ലോകാവസാനം വരെ നമ്മോടൊപ്പം അദൃശ്യനായി ഉണ്ടായിരിക്കുമെന്നും അവിടുന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അവിടുന്ന് സ്വർഗ്ഗത്തിലേയ്ക്ക് എഴുന്നെള്ളി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു എന്നാണ് വിശ്വാസപ്രമാണത്തിൽ കാണുന്നത്. സ്വർഗ്ഗാരോഹണം ചെയ്ത മിശിഹാ പിതാവിനൊപ്പം പിതാവിന്റെ മഹത്ത്വത്തിൽ ആയിരിക്കുന്നു എന്നാണതിന്റെ അർത്ഥം. പിതാവയയ്ക്കുന്ന പരിശുദ്ധ റൂഹായെ സ്വീകരിക്കാൻ ഒരുങ്ങിയിരിക്കണമെന്ന് ഈശോ ശിഷ്യരെ അറിയിക്കുകയുണ്ടായി. അതനുസരിച്ച് 10 ദിവസത്തോളം ശിഷ്യർ പരിശുദ്ധ കന്യാമറിയത്തോടൊപ്പം ഏകമനസ്സോടെ പ്രാർത്ഥിച്ച് ഒരുങ്ങി. പത്താം ദിവസം പരിശുദ്ധ റൂഹാ അവരുടെമേൽ അയയ്ക്കപ്പെട്ടു. പരിശുദ്ധ റൂഹായെ സ്വീകരിക്കാൻ ശിഷ്യന്മാർ പ്രാർത്ഥിച്ചൊരുങ്ങിയതുപോലെ, സ്വർഗ്ഗാരോഹണത്തിരുനാൾ മുതൽ പെന്തക്കൊസ്താവരെയുള്ള ദിവസങ്ങൾ പ്രത്യേക പ്രാർത്ഥനാദിനങ്ങളായി ആചരിക്കുന്നത് നന്നായിരിക്കും. പരിശുദ്ധ റൂഹായുടെ ദാനങ്ങൾ സ്വീകരിച്ച് ആത്മീയശക്തിയിലും പരിശുദ്ധ റൂഹായുടെ ഫലങ്ങളിലും വളരാൻ ഏക മനസ്സോടെയുള്ള പ്രാർത്ഥന നമ്മെ സഹായിക്കും.

## വിവാഹ ഒരുക്ക സെമിനാർ

**മെയ് 2019**

| | |
|---|---|
| 10, 11, 12 | ചങ്ങനാശേരി പാസ്റ്ററൽ സെന്റർ |
| 16, 17, 18 | സീയോൻ, കുന്നന്താനം |
| 27, 28, 29 | ചങ്ങനാശേരി പാസ്റ്ററൽ സെന്റർ |

**ജൂൺ 2019**

| | |
|---|---|
| 3, 4, 5 | സിയോൻ, കുന്നന്താനം |
| 7, 8, 9 | ചങ്ങനാശേരി പാസ്റ്ററൽ സെന്റർ |
| 17, 18, 19 | സീയോൻ, കുന്നന്താനം |
| 24, 25, 26 | ചങ്ങനാശേരി പാസ്റ്ററൽ സെന്റർ |

0481-2420349, 2424476, 9447030814

പഞ്ചവത്സര അജപാലന പദ്ധതി
ദ്വിതീയവർഷം : ദർശനവും ആഭിമുഖ്യങ്ങളും



# വി. ഗ്രന്ഥം : ലിഖിത ദൈവവചനം

ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയ വചനം ഇന്നു സഭയിൽ തുടരുന്നതും കൈമാറപ്പെടുന്നതും രണ്ടു കൈവഴികളിലൂടെയാണ്; എഴുതപ്പെട്ട ദൈവവചനമായ വി. ബൈബിളും, ശ്ലീഹന്മാരിലൂടെ കൈമാറപ്പെട്ട വി. പാരമ്പര്യവും.

പരിശുദ്ധാത്മാവിന്റെ നിവേശത്താൽ ലിഖിത രൂപത്തിലാക്കപ്പെട്ട ദൈവത്തിന്റെ സംഭാഷണമാണു വി. ഗ്രന്ഥം. കാരണം, ശ്ലീഹന്മാരും അവരോടു ബന്ധപ്പെട്ട മറ്റു വ്യക്തികളും ഒരേ പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൻകീഴിൽ രക്ഷയുടെ സന്ദേശം എഴുതി അറിയിച്ചതാണിത് (CCC 76, DV7).

സഭയുടെ ജീവിതത്തിൽ അതുല്യസ്ഥാനമാണു വി. ഗ്രന്ഥത്തിനുള്ളത്. കാരണം, വി. ഗ്രന്ഥത്തിൽ സഭ നിരന്തരം തന്റെ പോഷണവും ശക്തിയും കണ്ടെത്തുന്നു. വിശുദ്ധ ഗ്രന്ഥത്തെ വെറും മാനുഷികഗ്രന്ഥമായിട്ടല്ല സഭ സ്വീകരിക്കുന്നത്. മറിച്ച്, അതു യഥാർത്ഥ

## പഴയ നിയമവും പുതിയ നിയമവും: വി. ഗ്രന്ഥം എഴുതപ്പെട്ട വചനം : രണ്ടു ഉടമ്പടികളുടെ സമാഹാരം

| പഴയ നിയമം | പുതിയ നിയമം |
|---|---|
| സമ്പൂർണ്ണ ബൈബിളിന്റെ ആദ്യഭാഗമാണു പഴയനിയമം. യഹൂദന്മാരുടെ വിശുദ്ധലിഖിത സമാഹാരമാണിത്.<br><br>കത്തോലിക്കാസഭയുടെ പഴയനിയമത്തിൽ 46 പുസ്തകങ്ങൾ ഉണ്ട്.<br><br>ചരിത്രപരമായ ഗ്രന്ഥങ്ങൾ സങ്കീർത്തനങ്ങൾ, ജ്ഞാനപുസ്തകങ്ങൾ പ്രവാചകരുടെ ലിഖിതങ്ങൾ ഉൾപ്പെടെ. | സമ്പൂർണ്ണ ബൈബിളിന്റെ രണ്ടാം ഭാഗമാണിത്. പുതിയ നിയമത്തിൽ ദൈവത്തിന്റെ വെളിപാടു പൂർണ്ണമാകുന്നു. നാലു സുവിശേഷങ്ങൾ വി. ലിഖിതങ്ങളുടെ കേന്ദ്രമാണ്. കൂടാതെ ശ്ലീഹന്മാരുടെ നടപടികൾ വി.പൗലോസിന്റെ 13 ലേഖനങ്ങൾ ഹെബ്രായർക്കുള്ള ലേഖനങ്ങൾ, ഏഴു ലേഖനങ്ങൾ വെളിപാട് എന്നിവ പുതിയനിയമത്തിൽ ഉൾപ്പെടുന്നു. |

ത്തിൽ ആയിരിക്കുന്നതുപോലെ ദൈവചനമായിട്ടാണ് (DV 24,CCC 104). അതുകൊണ്ട് വിശുദ്ധ ലിഖിതങ്ങൾ കർത്താവിന്റെ ശരീരംപോലെ തന്നെ സഭയിൽ എക്കാലവും ആദരിക്കപ്പെട്ടിരുന്നു (DV 21). വി. ഗ്രന്ഥം ദൈവത്തിന്റെ എഴുതപ്പെട്ട വചനമാണ്. കാരണം:

1. വി. ഗ്രന്ഥത്തിന്റെ വാക്കുകളിലൂടെയെല്ലാം ദൈവം സംസാരിക്കുന്നത് ഒരേയൊരു വചനമാണ്. തന്റെ അനന്യ വചനം. അതിലൂടെ ദൈവം സ്വയം വെളിപ്പെടുത്തുന്നു.
2. ദൈവമാണു വി. ഗ്രന്ഥത്തിന്റെ കർത്താവ്. കാരണം പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ എഴുതപ്പെട്ട ദൈവവചനമാണത് (CCC 84 ,105 ;DV 13).

എഴുതപ്പെട്ട ദൈവചനത്തെക്കുറിച്ച് വിശുദ്ധ ആഗസ്തീനോസ് ഇപ്രകാരം പ്രതിപാദിക്കുന്നു. "ഒരേയൊരു വചനംതന്നെയാണ് വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിതമായിരിക്കുന്നതെന്ന കാര്യം അങ്ങ് ഓർക്കണം. വിശുദ്ധാത്മാക്കളുടെയെല്ലാം അധരങ്ങളിൽനിന്നു നിർഗമിക്കു

ന്നത് ഈ ഒരേയൊരു വചനം തന്നെയാണ്. ആരംഭം മുതലേ ദൈവത്തോടുകൂടി ദൈവമായിരുന്നവന് വേറിട്ട ശബ്ദങ്ങളുടെ ആവശ്യമില്ല. കാരണം, അവൻ കാലത്തിന് അതീതനാണ്.'' (CCC 102).

വി. ഗ്രന്ഥത്തെക്കുറിച്ച് നമുക്കു പറയുവാൻ സാധിക്കുന്നത് ഇതാണ്; മനുഷ്യഭാഷയിൽ മനുഷ്യകരങ്ങളാൽ എഴുതപ്പെട്ട ദൈവത്തിന്റെ വചനം. അതുകൊണ്ടു സഭ ഇപ്രകാരം പഠിപ്പിക്കുന്നു, മനുഷ്യന്റെ ഭാഷകളിൽകൂടി വെളിപ്പെടുത്തിയിരിക്കുന്ന ദൈവത്തിന്റെ വചസ്സുകൾ വാസ്തവത്തിൽ എല്ലാ രീതികളിലും മാനുഷിക ഭാഷണത്തോടു സാധർമ്യമുള്ളവയാണ്. നിത്യപിതാവിന്റെ വചനം മാനുഷിക ബലഹീനഹയുടെ മാംസം ധരിച്ചപ്പോൾ മനുഷ്യനോടു സാദൃശ്യനായിത്തീർന്നതു പോലെയാണിത്. (DV 13)

മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ദൈവിക പദ്ധതിയുടെ രണ്ടു ഭാഗങ്ങളാണ് പഴയനിയമവും പുതിയ നിയമവും. പഴയനിയമജനമായ ഇസ്രായേലിന്റെ തിരഞ്ഞെടുപ്പോടെ ആരംഭിക്കുന്ന രക്ഷാകര ചരിത്രം പുതിയ ഇസ്രായേലായ സഭയുടെ ജീവിതത്തിൽ പൂർത്തീകരിക്കപ്പെടുന്നു. കൗൺസിൽ പിതാക്കന്മാർ വ്യക്തമാക്കുന്നതുപോലെ വിശുദ്ധ ഗ്രന്ഥകാരന്മാരാൽ പ്രവചിക്കപ്പെട്ടിട്ടുള്ളതും വിവരിക്കപ്പെട്ടിട്ടുള്ളതും വിശദീകരിക്കപ്പെട്ടിട്ടുള്ളതുമായ രക്ഷയുടെ പദ്ധതി, ശരിയായ ദൈവവചനമെന്ന നിലയ്ക്കു പഴയനിയമ പുസ്തകങ്ങളിൽ നിലനിൽക്കുന്നു. (DV 14)അതുകൊണ്ടുതന്നെയാണ് പൗലോശ്ലീഹാ ഇപ്രകാരം കുറിക്കുന്നത്; മുമ്പേ എഴുതപ്പെട്ടവയെല്ലാം സഹനശീലത്താലും ലിഖിതങ്ങളുടെ സമാശ്വാസത്താലും നമുക്കു പ്രത്യാശയുണ്ടാകാൻ, നമ്മുടെ പ്രബോധനത്തിനുവേണ്ടി എഴുതപ്പെട്ടവയാണ്.(റോമ 15 , 4)

പഴയനിയമഗ്രന്ഥങ്ങൾ അവ എഴുതപ്പെട്ട കാലഘട്ടത്തിന്റെ വെളിച്ചത്തിൽ മനുഷ്യകുലത്തിന്റെ അന്നത്തെ പരിത:സ്ഥിതിക്കനുസൃതമായി ദൈവത്തെപ്പറ്റിയും മനുഷ്യനെപ്പറ്റിയുമുള്ള അറിവും നീതിമാനും കൃപാലുവുമായ ദൈവം മനുഷ്യരോട് ഇടപെടുന്ന രീതികളും എല്ലാവർക്കും വെളിവാക്കികൊണ്ട് മിശിഹായുടെയും മെസയാനിക രാജ്യത്തിന്റെയും ആഗമനത്തിനു വഴിയൊരുക്കി. പുതിയനിയമത്തോടു താരതമ്യം ചെയ്യുമ്പോൾ അവ അപൂർണ്ണമെങ്കിലും സത്യമായ ദൈവിക പ്രബോധനം വെളിവാക്കുന്നു. അതുകൊണ്ട് സജീവമായ ദൈവാനുഭവം ആവിഷ്കരിക്കുന്ന ഈ ഗ്രന്ഥങ്ങൾ ഭക്തിപുരസ്സരം സ്വീകരിക്കേണ്ടതാണ്.

''ദൈവത്തെപ്പറ്റിയുള്ള അത്യുദാത്തമായ പ്രബോധനങ്ങളുടെയും മനുഷ്യജീവിതത്തെപ്പറ്റിയുള്ള രക്ഷാകരമായ ജ്ഞാനത്തിന്റെയും

കലവറയാണവ. വിസ്മയനീയമായ പ്രാർത്ഥനകളുടെ ഭണ്ഡാഗാര മാണവ. നിഗൂഢമായിരിക്കുന്നതും നമ്മുടെ രക്ഷയുടെ രഹസ്യം ഒളി ഞ്ഞിരിക്കുന്നതുമായ ഈ ഗ്രന്ഥങ്ങൾ ക്രൈസ്തവ വിശ്വാസികൾ ഭക്തിപുരസ്സരം സ്വീകരിക്കേണ്ടതാണ്.''

വി. ആഗസ്തീനോസിന്റെ ഭാഷയിൽ 'രണ്ട് ഉടമ്പടി പുസ്തകങ്ങ ളുടെയും പ്രചോദന കർത്താവും രചയിതാവുമായ ദൈവം പുതിയതു പഴയതിൽ മറഞ്ഞിരിക്കാനും പുതിയതിൽ പഴയതു വെളിവാകാനും ജ്ഞാനപൂർവ്വം ക്രമവത്കരണം ചെയ്തു.' പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ പഴയതിനു കൂടുതൽ അർത്ഥവ്യാപ്തി വരികയും പുതി യത് പഴയതിനെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. പഴയതില്ലെങ്കിൽ പുതിയതിന് അടിസ്ഥാനമില്ലാതാകുന്നു.

കരുണയിൽ സമ്പന്നനായ പിതാവിന്റെ കാരുണ്യത്തിന്റെ മുഖമായ പുത്രൻ തമ്പുരാൻ സമയത്തിന്റെ പൂർത്തിയിൽ മാംസം ധരിച്ചു കൃപയും സത്യവും നിറഞ്ഞതുമായി നമ്മുടെ ഇടയിൽ വസിച്ചു. തന്റെ പെസഹാരഹസ്യത്തിലൂടെ ദൈവത്തിന്റെ രാജ്യം പുന:സ്ഥാപിക്കു കയും പിതാവിനെയും തന്നെതന്നെയും വെളിപ്പെടുത്തുകയും ചെയ്തു.

പഴയനിയമം വാഗ്ദാനം ചെയ്തതു പുതിയ നിയമം ദൃശ്യ മാക്കി. മുമ്പിലത്തേത് നിഗൂഢമായ വിധത്തിൽ അറിയ ച്ചതു പിന്നത്തേത് വർത്തമാനകാലത്തേതെന്നപോലെ തുറന്നു പ്രഘോഷിക്കുന്നു. അതുകൊണ്ട് പഴയ നിയമം പുതിയ നിയമത്തിന്റെ ഒരു പ്രവചനമാണ്. പഴയനിയമ ത്തിന്റെ ഏറ്റവും നല്ല വ്യാഖ്യാനം പുതിയ നിയമമാണ്.

*മഹാനായ ഗ്രിഗറി*

രക്ഷയുടെ ചരിത്രവും രക്ഷകന്റെ ജീവിതവും സവിശേഷമായി പ്രതിപാദിക്കുന്ന പുതിയ നിയമഗ്രന്ഥങ്ങൾക്കു ക്രൈസ്തവ ജീവി തത്തിൽ സവിശേഷ പ്രാധാന്യമുണ്ട്. പുതിയ നിയമവും പഴയ നിയമവും തമ്മിലുള്ള ബന്ധം അവിഭാജ്യമാണ്. കാരണം പുതിയ നിയമത്തിലെ സംഭവങ്ങളുടെ വെളിച്ചത്തിൽ പഴയ നിയമത്തിലെ പല സംഭവങ്ങൾക്കും ആഴവും അർത്ഥവും ലഭിക്കുന്നു. പല പഴയ നിയമ സംഭവങ്ങളും പുതിയ നിയമ സംഭവങ്ങൾക്കു പ്രതീകങ്ങ ളായി നിലകൊള്ളുകയും ചെയ്യുന്നു.

*ആൽഫാ ബൈബിൾ വ്യാഖ്യാനം*





ഓശാന ഞായർ


പെസഹ വ്യാഴം
കാൽകഴുകൽ ശുശ്രൂഷ


പീഡാനുഭവ വെള്ളി


നസ്രായന്റെ കൂടെ യുവജനധ്യാനം

## സ്നേഹസ്മരണയ്ക്ക്

വേർപാടിന്റെ 7–ാം വർഷം

11–05–2019



# അഭിലാഷ് ജോർജ്ജ്

കുന്നത്ത്, അതിരമ്പുഴ

ജനനം 28–4–1993

മരണം 11–05–2012

എന്റെ എല്ലാ പ്രശ്നങ്ങളും തീർന്നു.
യേശു എന്നെ സൗഖ്യമാക്കി

---

പാവന സ്മരണയ്ക്ക്

## 4–ാം ചരമവാർഷികം

01–05–2019



# ലീലാമ്മ മാത്യു

വടക്കേടം അതിരമ്പുഴ

മരണം 01–05–2015

ഞാൻ നിങ്ങളിൽനിന്നും അകന്നുപോയെങ്കിലും എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. സ്വർഗ്ഗത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കേണമേ


സ്നേഹസ്മരണയ്ക്ക്
ഒന്നാം ചരമവാർഷികം
പെണ്ണമ്മ സ്ക്കറിയ (82)
തെക്കേടത്ത്, മാന്നാനം
മരണം: 06.05.2018
പിരിയില്ലൊരിക്കലും ഈ അമ്മ തൻ വാത്സല്യം

# ഏ. സി. ഓഡിറ്റോറിയം ഉദ്ഘാടനവും ഇടവക ദിനാചരണവും







# ശ്രീലങ്കൻ ജനതയോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് നടത്തിയ ദീപം തെളിക്കൽ





# പാരിഷ് കൗൺസിൽ റിപ്പോർട്ട്

അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ പള്ളിയുടെ 13-ാമത് പ്രതിനിധി സഭയുടെ 1-ാമത് സമ്മേളനം ഏപ്രിൽ മാസം 14 -ാം തീയതി ഞായറാഴ്ച 4 മണിക്ക് നടന്നു. പ്രാർത്ഥനയെ തുടർന്ന് വികാരി റവ. ഫാ. സിറിയക് കോട്ടയിലിന്റെ അദ്ധ്യക്ഷതയിൽ യോഗ നടപടികൾ ആരംഭിച്ചു. പുതിയ അംഗങ്ങൾ കൂടിയുള്ളതിനാൽ പാരീഷ് കൗൺസിലിന്റെ ഘടനയെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും വികാരിയച്ചൻ വിശദീകരിച്ചു. ആമുഖ സന്ദശത്തെ തുടർന്ന്. മാർച്ച് മാസത്തെ യോഗ റിപ്പോർട്ടും, പൊതു കണക്കും, ആഡിറ്റ് റിപ്പോർട്ടും, ജീവകാരുണ്യ കമ്മറ്റി റിപ്പോർട്ടും അവതരിപ്പിച്ചു പാസ്സാക്കി.

തുടർന്ന് 13-ാം മത് പ്രതിനിധി സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞയായിരുന്നു. വികാരിയച്ചൻ ചൊല്ലിക്കൊടുത്ത പ്രതിജ്ഞ അംഗങ്ങൾ ഏറ്റുചൊല്ലി. പിന്നീട് 2019-22 കാലഘട്ടത്തിലേക്കുള്ള പ്രതിനിധി സഭയുടെ സെക്രട്ടറി തെരഞ്ഞെടുപ്പായിരുന്നു. വികാരിയച്ചൻ നിർദ്ദേശിച്ച പേരുകളിൽ നിന്ന് ശ്രീ. സഞ്ജിത് പി. ജോസ് പ്ലാമ്മൂട്ടിലിനെ യോഗം ഏകകണ്ഠേന തെരഞ്ഞെടുത്തു. വിശുദ്ധവാരാചരണ ശുശ്രൂഷകളിലും ചെറിയപള്ളി പുതുക്കി പണിതതിന്റെ ശതാബ്ദി സ്മാരകമായി നിർമ്മിച്ച സെന്റ് സെബാസ്റ്റ്യൻസ് ഏ.സി ഹാളിന്റെ ഉദ്ഘാടനത്തിലും അഭിഷേകാഗ്നി കൺവൻഷനിലും അംഗങ്ങളുടെ സാന്നിദ്ധ്യവും സഹകരണവും ഉണ്ടാവണമെന്ന് വികാരിയച്ചൻ ഓർമ്മിപ്പിച്ചു. 12-ാമത് പ്രതിനിധിസഭ അവസാനനാളുകളിലെടുത്ത പ്രധാന തീരുമാനങ്ങളും വികാരിയച്ചൻ യോഗത്തെ അറിയിച്ചു.

5.30 ന് പ്രാർത്ഥനയോടുകൂടി യോഗം സമാപിച്ചു.

സെക്രട്ടറി
സഞ്ജിത്ത് പി. ജോസ് പ്ലാമ്മൂട്ടിൽ

# കുടുംബ കൂട്ടായ്മ റിപ്പോർട്ട്



കുടുംബകൂട്ടായ്മ ലീഡർമാരുടെ ഏപ്രിൽ മാസത്തെ യോഗത്തിന് ബഹു. വികാരിയച്ചൻ അദ്ധ്യക്ഷതവഹിച്ചു. അടുത്ത 3 വർഷത്തേക്ക് ഈശോയ്ക്കുവേണ്ടി ഏറ്റവും ശ്രേഷ്ഠമായ ശുശ്രൂഷ ദൗത്യം ചെയ്യുന്ന കൂട്ടായ്മ ലീഡർമാർ തങ്ങൾക്ക് ഭാരമേല്പിക്കപ്പെട്ടിരിക്കുന്ന കുടുംബങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തണമെന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു. പ്രസ്തുത യോഗത്തിൽവച്ച് കൂട്ടായ്മ സെക്രട്ടറിയായി റോജി ചെറിയാൻ ചേന്നാട്ട് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. കൂട്ടായ്മ കൾ കൂടുതൽ കാര്യക്ഷമമാക്കാൻ 9 വാർഡുകളിൽ നിന്നുമായി പൊതു ചുമതലയുള്ള 36 വാർഡുതല ലീഡർമാർ പ്രസിഡന്റ്, സെക്രട്ടറി, പിതാ.പ്രതിനിധി, മാതാ.പ്രതിനിധി എന്നിങ്ങനെ ഓരോ വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു. ഓരോ വാർഡിനും പ്രത്യേകം ചാർ ജ്ജുള്ള ബഹു. സിസ്റ്റേഴ്സിനെ ജൂൺ മാസം മുതൽ ഉത്തരവാദിത്വം ഭരമേൽപ്പിക്കുമെന്നും അച്ചൻ അറിയിച്ചു. മെയ് 20ന് മാന്നാനം കേന്ദ്ര മായുള്ള പുതിയ ഇടവക രൂപപ്പെടുന്നതുകൊണ്ടും മാന്നാനം വാർഡിൽ നിന്നും 6 കൂട്ടായ്മകൾ പുതിയ ഇടവകയിൽ ചേരുന്നതുകൊണ്ടും യൂണിവേഴ്സിറ്റി ഭാഗത്തുള്ള കുടുംബങ്ങളെ ഉൾച്ചേർത്ത് പുതിയ മാന്നാനം വാർഡ് രൂപീകരിക്കുമെന്നും അറിയിച്ചു. കുടുംബകൂട്ടായ്മ ഡയറക്ടറിയുടെ ആവശ്യത്തിലേയ്ക്കായി ലീഡർമാരുടെ കളർ പാസ്പോർട്ട് സൈസ് ഫോട്ടോ ഏപ്രിൽ 20-ാം തീയതിയ്ക്ക് മുമ്പായി ഓഫീസിൽ ഏല്പിക്കണമെന്നറിയിച്ചു. വിശുദ്ധവാരത്തിൽ കിടപ്പുരോ ഗികൾക്ക് വി.കുർബാന നല്കുന്നത്, നാല്പതാം വെള്ളിയാഴ്ചത്തെ പുഴുക്കുനേർച്ച, നാല്പതു മണിയാരാധന, പെസഹാ വ്യാഴാഴ്ചത്തെ യുവജന ധ്യാനം, ദു:ഖവെള്ളിയാഴ്ചത്തെ കൂട്ടായ്മതല കുരിശിന്റെ വഴി, വി. ഗീവർഗ്ഗീസ് സഹദായുടെ തിരുനാൾ തുടങ്ങിയവ ഭംഗിയായി ക്രമീകരിക്കുന്നതിന് ലീഡർമാർ ഉത്തരവാദിത്തബോധമുള്ളവരായി രിക്കണമെന്ന് ഓർമ്മിപ്പിച്ചു. ഏപ്രിൽ 22ന് നടക്കുന്ന ഇടവകദിനാചര ണത്തിലും സെന്റ് സെബാസ്റ്റ്യൻസ് ഏ.സി ഓഡിറ്റോറിയത്തിന്റെ വെഞ്ചരിപ്പിലും ഓരോ യൂണിറ്റിൽ നിന്നും പങ്കെടുക്കുന്നവരുടെ കൃത്യ

മായ എണ്ണം ഓഫീസിൽ അറിയിക്കണമെന്ന് നിർദ്ദേശിച്ചു. മെയ് 8 മുതൽ 12 വരെ നടക്കുന്ന അഭിഷേകാഗ്നി കൺവൻഷനിൽ വോള ണ്ടിയർ ശുശ്രൂഷയ്ക്കായി ലീഡർമാർ പേര് നൽകാനും നിർദ്ദേശിച്ചു. ഓരോ കുടുംബത്തിൽനിന്നും കൺവൻഷൻ സംഭാവന കവർ പേരെ ഴുതി ഒട്ടിച്ച് വാങ്ങിയത് ഏപ്രിൽ മാസം അവസാനത്തോടുകൂടി പള്ളി ഓഫീസിൽ ഏല്പിക്കണമെന്നും അറിയിച്ചു. തുടർന്ന് ഓരോ യൂണി റ്റിനും അടുത്ത 6 വർഷത്തേയ്ക്കുള്ള പുതിയ കൂട്ടായ്മ രജിസ്റ്റർ വിത രണം ചെയ്തു. പരി. മാതാവിനോടുള്ള വണക്കമാസാചാരണം നട ക്കുന്നതിനാൽ മെയ് മാസത്തിൽ കൂട്ടായ്മ യോഗങ്ങൾ ഉണ്ടായിരി ക്കില്ലെന്നറിയിച്ചു. വിശുദ്ധിയിൽ വളരുവാൻ നോമ്പുകാലത്ത് കൂടു തൽ ഉപവി പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ ആഹ്വാനം ചെയ്തു കൊണ്ട് സമാപനപ്രാർത്ഥനയോടെ യോഗം 4 മണിക്ക് അവസാനിച്ചു.

സെക്രട്ടറി

റോജി ചെറിയാൻ ചേന്നാട്ട്

**പാറോലിക്കൽ ചാപ്പലിൽ**

## വി.ഗീവർഗീസിന്റെ തിരുനാൾ

**മെയ് 3, 4, 5**

---

**റീത്താ ചാപ്പലിൽ**

## റീത്താ പുണ്യവതിയുടെ

**തിരുനാൾ**

**മെയ് 24, 25, 26**



# യുവദീപ്തി - SMYM റിപ്പോർട്ട്

ആഴമേറിയ വിശ്വാസ– വചന ബോധ്യങ്ങളും ജീവിത ദർശനങ്ങളുമുള്ള യുവജനകൂട്ടായ്മയുടെ രൂപീകരണം ലക്ഷ്യമാക്കി മുന്നേറുന്ന യുവദീപ്തിയുടെ കഴിഞ്ഞമാസ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണം.

അതിരമ്പുഴ ഫൊറോന യുവദീപ്തി പ്രവർത്തനവർഷ ഉദ്ഘാടനമായ സമന്വയം 2019 മാർച്ച് 24ന് നടത്തപ്പെട്ടു. എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സാബു തോമസ് ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി. അതിരമ്പുഴ സെൻട്രൽ യൂണിറ്റിൽനിന്ന് 50 ഓളം പേർ പങ്കെടുത്തു.

ഏപ്രിൽ 7ന് അതിരൂപത വനിതാദിനമായ പ്രതിക– **2K19** നമ്മുടെ ഇടവകയിൽ വച്ചു നടത്തപ്പെട്ടു. വികാരി ജനറാൾ റവ. ഡോ. ജോസഫ് മുണ്ടകത്തിൽ വനിതാസംഗമം ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ജേക്കബ് ചക്കാത്തറ അച്ചനും മറ്റു ഭാരവാഹികളും പരിപാടിയിൽ സന്നിഹിതരായിരുന്നു. യൂണിറ്റിൽനിന്നും 50 ഓളം യുവതികൾ പങ്കെടുത്തു.

യുവദീപ്തിയുടെ നേതൃത്വത്തിൽ നാല്പതാം വെള്ളിയാഴ്ച ഭക്തിനിർഭരമായ മലയാറ്റൂർ തീർത്ഥാടനം നടത്തപ്പെട്ടു. എല്ലാവരും അതീവ ഭക്തിയോടെ കുരിശിന്റെ വഴി ചൊല്ലികൊണ്ട് മല കയറി.

യുവദീപ്തി അതിരമ്പുഴ യൂണിറ്റിന്റെ 'കൂട്ടുകാർക്കൊരു സ്നേഹവീട്' ഭവനപദ്ധതിയുടെ ഭാഗമായി ആദ്യ ഭവനത്തിന്റെ വെഞ്ചരിപ്പ് ഏപ്രിൽ 25ന് വികാരിയച്ചൻ നടത്തി. ഡയറക്ടർ സോണിയച്ചന്റെ നേതൃത്വത്തിൽ ആനിമേറ്റർ വിമലാമ്മയോട് ചേർന്ന് യുവജനങ്ങൾ ഭവനനിർമ്മാണം പൂർത്തിയാക്കി. സഹായിച്ചവർക്കും സഹകരിച്ചവർക്കും ഒത്തിരി നന്ദി.

നാൽപത് മണി ആരാധനയിലും യുവജനങ്ങളുടെ പങ്കാളിത്തം ഏറെ ശ്രദ്ധേയമായി. 1 മണി മുതൽ 2 മണി വരെ യുവജനങ്ങളുടെ നേതൃത്വത്തിൽ ആരാധന നടത്തി.

യുവജനങ്ങൾക്കായി യുവദീപ്തിയുടെ നേതൃത്വത്തിൽ ഏപ്രിൽ 18ന് 'നസ്രായന്റെ കൂടെ' എന്ന പേരിൽ ധ്യാനം നടത്തി. ഫാ. ജേക്കബ് കോയിപ്പള്ളി നേതൃത്വം നല്കി. യുവജനങ്ങൾക്കായി കുമ്പസാരവും ആരാധനയും നടത്തി. ഈ വർഷത്തെ പെസഹ വ്യാഴം തിരുകർമ്മങ്ങളിൽ യുവജനങ്ങളുടെ സാന്നിദ്ധ്യം ഏറെ ശ്രദ്ധേയമാ

യിരുന്നു. ഈശോയുടെ ശിഷ്യന്മാരെ പ്രതിനിധീകരിച്ച് നമ്മുടെ യുവജനങ്ങൾ കാൽകഴുകൽ ശുശ്രൂഷയിലും തുടർന്നുള്ള അപ്പം മുറിക്കൽ ശുശ്രൂഷയിലും പങ്കെടുത്തു. പീഡാനുഭവ വെള്ളിയാഴ്ച കുരിശിന്റെ വഴിയിൽ പങ്കുചേർന്നവർക്ക് മോരുംവെള്ളം നല്കുന്നതിന് നേതൃത്വം നല്കി.

വലിയ ശനിയാഴ്ച പ്രവേശക കൂദാശകൾ സ്വീകരിച്ച 6 കുട്ടികൾക്ക് യുവജനങ്ങളുടെ നേതൃത്വത്തിൽ സമ്മാനങ്ങൾ നൽകി ആഘോഷത്തിൽ പങ്കുചേർന്നു.

ഈസ്റ്റർ ദിനത്തോടനുബന്ധിച്ച് യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ പള്ളിയിൽ ഈസ്റ്റർ മുട്ട വിതരണം നടത്തി. അതിരമ്പുഴ ഫൊറോന യുവദീപ്തിയുടെ നേതൃത്വത്തിൽ അന്നേദിവസം തന്നെ അമ്മഞ്ചേരിയിലുള്ള പ്രൊവിഡൻസ് ഹോം സന്ദർശിച്ചപ്പോൾ ഈ യൂണിറ്റംഗങ്ങളും അവരോടൊപ്പം പങ്കുചേർന്നു.

യുവജന ഭവന പ്രാർത്ഥനകൂട്ടായ്മ യൂണിറ്റ് പ്രസിഡന്റ് മേഘ സിബിയുടെ വീട്ടിൽ നടന്നു. യൂണിറ്റ് ഫൊറോന ഭാരവാഹികൾ തമ്മിലുള്ള മുഖാമുഖം പരിപാടിയും അന്നു നടന്നു.

ആഷിക് റെജി
ആൻമേരി സെബാസ്റ്റ്യൻ
(സെക്രട്ടറിമാർ)



തുടർച്ചയായി നാലാം തവണയും ഏറ്റുമാനൂർ ഉപജില്ലയിലെ ഏറ്റവും മികച്ച എയ്ഡഡ് വിദ്യാലയത്തിനുള്ള പുരസ്കാരം കരസ്ഥമാക്കിയ അതിരമ്പുഴ സെന്റ് അലോഷ്യസ് എൽ.പി.സ്കൂൾ

# വിശ്വാസപരിശീലന റിപ്പോർട്ട്



## സെന്റ് മേരീസ് സൺഡേ സ്കൂൾ

2019 വിശ്വാസോത്സവം ഏറ്റവും സമുചിതമായി നടന്നു. **JIO 2K19** എന്ന പേരിൽ വചനത്തെ തൊട്ടറിഞ്ഞ് വചനത്തിൽ ജീവിക്കുവാൻ ഉതകുന്ന രീതിയിൽ ആവിഷ്കരിച്ച വിശ്വാസോത്സവം എല്ലാം കൊണ്ടും പുതുമ നിറഞ്ഞതായിരുന്നു. ഏപ്രിൽ 1-ാം തീയതി വലിയ പള്ളിയുടെ അങ്കണത്തിൽനിന്നും നാല് ഹൗസുകളുടെയും കൊടികൾക്ക് പിന്നിൽ വിശ്വാസം ഉറക്കെ പ്രഘോഷിച്ചുകൊണ്ട് നടന്ന വചനറാലി പാരീഷ്ഹാളിന്റെ മുറ്റത്ത് എത്തി. സൺഡേസ്കൂൾ ഡയറക്ടർ ഫാ. സോണി പള്ളിച്ചിറയിൽ വിശ്വാസ പ്രതിജ്ഞ ചൊല്ലിക്കൊടുത്ത് പതാക ഉയർത്തിയതോടുകൂടി കൂടി വിശ്വാസത്സേവത്തിന് തുടക്കമായി.

ഇൻഫന്റ്, പ്രൈമറി, ജൂണിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗങ്ങളിലായി ക്ലാസുകൾ ക്രമികരിച്ചു. 8.30ന് പ്രഭാതഭക്ഷണത്തിനും വിശ്രമത്തിനും ശേഷം രണ്ടാമത്തെ പീരിയഡിൽ വിജ്ഞാനവും വിനോദവും അതിലുപരി വചനാധിഷ്ഠിതവുമായ വിവിധ പരിപാടികൾ നടന്നു. 11 മണിയോടെ കുട്ടികൾക്ക് സുരക്ഷിതരയായി ഭവനങ്ങളിലെത്തിച്ചേരുന്നതിന് ഇടവകയുടെ വിവിധ ഭാഗങ്ങളിലേയ്ക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയിരുന്നു.

1 മുതൽ 9 വരെയുള്ള ദിവസങ്ങളിൽ വചനക്വിസ്, വചനമുറി, റ്റാലന്റ് ഷോ, വചന ദൃശ്യാവതരണം, വചന ആൽബം എന്നിവയുടെ മത്സരങ്ങൾ ഹൗസ് അടിസ്ഥാനത്തിൽ നടന്നു.

പത്താം ദിനത്തിൽ ഹൗസ് അടിസ്ഥാനത്തിലുള്ള എക്സിബിഷനുശേഷം പാരീഷ് ഹാളിൽ സൺഡേസ്കൂൾ വാർഷികം ബഹു. വികാരി ഫാ. സിറിയക് കോട്ടയിൽ ഉദ്ഘാടനം ചെയ്തു. ഇടവക തലത്തിൽ നടന്ന ബൈബിൾ കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയ കുട്ടികൾക്കും 100% ശതമാനം ഹാജർ ഉള്ള അധ്യാപകർക്കും സമ്മാനങ്ങളും വിശ്വാസോത്സവത്തിൽ സഹകരിച്ച എല്ലം അദ്ധ്യാപകർക്കും പാരിതോഷികങ്ങളും വിതരണം ചെയ്തു. ഉച്ചയ്ക്ക് 12.30ന് കുട്ടികൾക്കുള്ള ഉച്ചഭക്ഷണത്തോടെ ഈ വർഷത്തെ വിശ്വാസോത്സവത്തിനുള്ള തിരശീല വീണു.

നമ്മുടെ സൺഡേസ്കൂളിൽ 12–ാം ക്ലാസിൽ പഠിക്കുന്ന തെങ്ങും തോട്ടത്തിൽ നവീൻ സാബുവിന്റെ ആകസ്മികമായ വേർപാടിൽ സൺഡേസ്കൂൾ കുടുംബത്തിന്റെ അഗാധമായ ദു:ഖം രേഖപ്പെടുത്തി സൺഡേസ്കൂൾ ഡയറക്ടറോടൊപ്പം മതാധ്യാപകർ നവീന്റെ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും ഉച്ചകഴിഞ്ഞുള്ള മൃതസംസ്ക്കാര ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തു. ഏപ്രിൽ 13–ാം തീയതി അധ്യാപകർ സൺഡേസ്കൂൾ ഓഫീസിൽ ഒരുമിച്ചുകൂടുകയും 1 മുതൽ 12 വരെ ക്ലാസിലെ കുട്ടികളുടെ പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു.

ഗൗരവതരമായ കാരണങ്ങളാൽ വിശ്വാസോത്സവത്തിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന കുട്ടികൾക്ക് വേണ്ടി ഏപ്രിൽ 29,30 മെയ് 1,2 തീയതികളിൽ രാവിലെ 8 മുതൽ 10.30വരെ ക്ലാസുകൾ നടത്തി.

ഈ വർഷം ആഘോഷമായ ആദ്യകുർബാന സ്വീകരണം നടത്തുന്ന കുട്ടികൾക്കുവേണ്ടിയുള്ള പരിശീലന ക്ലാസ് ബഹു സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

ആൽബർട്ട് പെരുമാപറമ്പിൽ

# സെന്റ് റീത്താസ് സൺഡേസ്കൂൾ

ഉത്ഥിതനെ കണ്ടുമുട്ടുന്നവർക്ക് ലഭിക്കുന്ന ശാന്തിയും സമാധാനവും സ്വന്തമാക്കി ഉത്ഥാനരഹസ്യത്തിന് സ്വജീവിതത്തിലൂടെ നമുക്ക് സാക്ഷ്യം വഹിക്കാം എന്ന ഓർമ്മപ്പെടുത്തലോടെ ജിജോ അച്ചൻ ഏവർക്കും ഉയിർപ്പുകാല ആശംസകൾ നേർന്നു.

ഫൊറോന തലത്തിൽ അധ്യാപകർക്കായി നടന്ന സഭാചരിത്ര ക്വിസ്സ് മത്സരത്തിൽ ഇവിടെ നിന്നും സജി അബ്രാഹം കോട്ടയരികിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. തുടർന്ന് ചങ്ങനാശേരിയിൽ വെച്ച് നടന്ന മത്സരത്തിൽ സെന്റ് റീത്താസ് സൺഡേസ്കൂളിനെ പ്രതിനിധികരിച്ച് സജി അബ്രാഹം പങ്കെടുക്കുകയും ചെയ്തു. ഈ വർഷത്തെ വിശ്വാസോത്സവം മാർഗ്ഗം 2 k19 കുട്ടികളെയും അധ്യാപകരെയും ഒരുപോലെ ആകർഷിക്കുന്ന രീതിയിലാക്കാൻ ജിജോ അച്ചൻ ഏറെ പ്രയത്നിച്ചു. വിശ്വാസോത്സവ ദിവസങ്ങളിലെല്ലാം കുട്ടികൾക്ക് സ്നാക്സ് നൽകുവാനും ഒന്ന് മുതൽ പത്തുവരെ ക്ലാസ്സിലെ കുട്ടികൾക്കായി എൻഡോവ്മെന്റ് നൽകുവാനും ധാരാളം രക്ഷകർത്താക്കൾ മുന്നോട്ടു വന്നതും അഭിനന്ദനാർഹമാണ്.

മുഴുവൻ അധ്യാപകരും കുട്ടികളും മുണ്ടും ചട്ടയും ധരിച്ച്


ക്രിസ്തീയ പാരമ്പര്യത്തെ അനുസ്മരിക്കത്തക്ക രീതിയിലുള്ള നസ്രാണി സംഗമം റീത്താ കുടുംബത്തെ ഒന്നടങ്കം അത്ഭുതപ്പെടുത്തി. ബഹുമാനപ്പെട്ട വികാരിയച്ചൻ വന്ന് എല്ലാവരെയും ആശീർവദിക്കുകയും സന്തോഷം അറിയിക്കുകയും ചെയ്തു. സൺഡേസ്കൂൾ വാർഷികത്തിലും വിശ്വാസോത്സവത്തിലും ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിലെ കുട്ടികളുടെ വിവിധ കലാപരിപാടികൾ സംഘടിപ്പിക്കുകയും സമ്മാനങ്ങളും ട്രോഫിയും വിതരണം ചെയ്യുകയും ചെയ്തു. തിരുനാളിനോടനുബന്ധിച്ച് .മെയ് 25-ാം തീയതി സൺഡേസ്കൂൾ കുട്ടികളും യുവജനങ്ങളും അണിനിരക്കുന്ന കലാസന്ധ്യാ നടത്താൻ തീരുമാനമായി. എല്ലാ കുട്ടികളും തുടർന്ന് വരുന്ന ഞായറാഴ്ചകളിൽ 9.45നുള്ള വി. കുർബാനയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കണമെന്ന് ജിജോ അച്ചൻ പ്രത്യേകം ഓർമ്മിപ്പിച്ചു.

സന്തോഷത്തിന്റെയും സമാധാനത്തിന്റെയും നല്ലൊരവധിക്കാലം അച്ചൻ ഏവർക്കും ആശംസിച്ചു.

ഷാന്റി മാത്യു ചോരേട്ട്ചാമക്കാല

## മെയ്മാസ വണക്കത്തോടനുബന്ധിച്ചുള്ള ലദീഞ്ഞിന്റെ സമയക്രമം താഴെപറയുന്നപ്രകാരമായിരിക്കും

| | | മെയ് 8 മുതൽ 12 വരെ |
|---|---|---|
| പാറോലിക്കൽ ചാപ്പൽ | 5.30 pm | 6.00 am |
| ഗ്രോട്ടോ | 6.00 pm | 6.30 am |
| മാറാമ്പ് ചാപ്പൽ | 6.45 pm | 6.45 am |
| ടൗൺ ചാപ്പൽ | 7.00 pm | 7.00 am |
| വേലംകുളം കുരിശടി | 7.15 pm | 7.15 am |



# തന്റേടം

**ഒ**രുപക്ഷേ ഭാഷയിലെ ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ട വാക്കായിരിക്കും തന്റേടം എന്നത്. തന്റേതായ ഇടം എന്ന് പിരിച്ചെഴുതിയാൽ തീരാവുന്നതേയുള്ളൂ എല്ലാം. ഇടം മനുഷ്യന്റെ പ്രജ്ഞയേയും അസ്ഥിത്വത്തേയും ചൂഴ്ന്ന് നില്ക്കുന്ന ഒരു പ്രഹേളിക തന്നെ. ഇടം എന്ന ചിന്തയോളം മനുഷ്യനെ അസ്വസ്ഥപ്പെടുത്തിയ ഒരു വേള ആശ്വസിപ്പിച്ച മറ്റൊരു വാക്കുണ്ടാകില്ല. മനുഷ്യായുസ്സിന്റെ ചംക്രമണമത്രയും ഇടം തേടിയുള്ളതാകുന്നു. ഭൂമിയിൽ വീണലിഞ്ഞ കണ്ണുനീരും ദിക്കുകൾ കേട്ട് വിറങ്ങലിച്ച നിലവിളികളും ഇടം നിക്ഷേധിക്കപ്പെട്ടവരുടെയാണ്. "ഏൽ ഏൽ ലമാ ശബക്താനി"

എന്തിനാണ് മറ്റൊരാളുടെ ഇടം നിഷേധിക്കുന്നത്? നമ്മുടെ വാക്കിന്റെ കോണിലോ, സൗഹൃദത്തിന്റെ ചായക്കോപ്പയ്ക്കരികിലോ കുശലം അന്വേഷിക്കുന്ന വരികൾക്കിടയിലോ ഇത്തിരി ഇടം അവനോ അവൾക്കോ, അവർക്കോ ഒക്കെയായി മാറ്റി വയ്ക്കാവുന്നതേയുള്ളൂ.



33 വർഷത്തെ തന്റെ ജീവിതത്തെ അവിടുന്ന് സംഗ്രഹിച്ചത് ഇപ്രകാരമാണ് "കുറുനരികൾക്ക് മാളങ്ങളും ആകാശപ്പറവകൾക്ക് കൂടുകളും ഉണ്ട്. എങ്കിലും മനുഷ്യപുത്രന് തല ചായ്ക്കാൻ മണ്ണിൽ ഇടമില്ല" പാമ്പിനും പറവയ്ക്കും കുറുനരികൾക്കും ഇടമുള്ള

**അനു ജോർജ്** പുത്തൻപുരയ്ക്കൽ

ഭൂമിയിൽ മനുഷ്യന് എങ്ങനെയാണ് ഇടം അന്യമാകുന്നത്. സ്ഥലവും ഇടവും ഒന്നല്ല എന്ന് സാരം

പിറവിയിൽ ഇടം നിഷേധിക്കപ്പെട്ട് പ്രവാസത്തിൽ വളർന്ന് ആരുടെയൊക്കെയോ വഞ്ചിയുടെ അമരത്ത് തലവച്ചുറങ്ങിയിരുന്ന മനുഷ്യപുത്രന്റെ വിലാപമത്രയും സ്ഥലത്തെപ്പറ്റിയല്ല ഇടത്തെപ്പറ്റിയാണ് അപ്പോൾ ഒന്ന് നിശ്ചയം സ്ഥലം ഉള്ള എല്ലായിടത്തും ഇടം ഉണ്ടാവണമന്നില്ല. ഒന്നുകൂടി വായിച്ചാൽ ഇത്രയും വ്യക്തം സ്ഥലം ഇല്ലാതാകുന്നതാണ്... സ്വാഭാവികമായി ഇടം നിഷേധിക്കപ്പെടുകയാണ്... മനസ്സറിവോടെ കണ്ണുനീർ ഉതിർന്നില്ലെങ്കിലേ അത്ഭുതപ്പെടേണ്ടൂ.

അവന്റെ ജനനത്തിനും മുൻപേ തുടങ്ങിയതാണ്. മഹാനഗരത്തിന്റെ വമ്പൻ സത്രങ്ങളിലൊന്നും ആ പൂർണ്ണ ഗർഭിണിക്കും അവളുടെ തച്ചനായ ഭർത്താവിനും സ്ഥലം ലഭിച്ചില്ല എന്നതല്ല നമ്മെ അലോസരപ്പെടുത്തുന്നത്. ''എന്തെന്നാൽ സത്രത്തിൽ അവർക്ക് ഇടം ലഭിച്ചില്ല'' എന്നതാണ് സങ്കടകരം. ജോസഫ് കൊട്ടി വിളിച്ച വാതിലുകളും ജനലുകളുമൊക്കെ ഒരുപക്ഷേ അയാൾതന്നെ നിർമ്മിച്ച് നല്കിയതുമായിരിക്കാം. എന്നിട്ടും അയാളുടെ അദ്ധ്വാനം മറ്റുള്ളവർക്ക് ഏകിയ സുരക്ഷിതത്വം ജോസഫിന് ഉപകാരപ്പെട്ടില്ല എന്നുസാരം. വിശാലമായ സത്രത്തിന്റെ ഇടനാഴികളിൽ ഇല്ലാതായത് ഇടമാണെങ്കിൽ സ്ഥലപരിമിതികൾ ഏറെയുള്ള കാലിച്ചൂരുനിറഞ്ഞ പുൽത്തൊഴുത്തിൽ ആ രാത്രി ഉണ്ടായത് ഇടമാണ്. ഇടം ഉള്ളിടത്തെല്ലാം സ്ഥലം ഉണ്ടെന്ന് തെറ്റിദ്ധരിക്കരുത്.

ഗാഗുൽത്തായിലും മറ്റൊലികൊണ്ടത് ഇടം നിഷേധിക്കപ്പെട്ടവന്റെ നിലവിളിയായിരുന്നു. ആകാശവും ഭൂമിയും സൃഷ്ടിച്ചവൻ തലചായ്ക്കുവാൻ ഇടമില്ലാതെ ആകാശത്തിനും ഭൂമിയ്ക്കും മധ്യേ മൂന്നാണികളിൽ തൂങ്ങി മിഴിപൂട്ടിയതോളം ദാരുണമായ കാഴ്ച ഭൂതലം കണ്ടിട്ടുണ്ടാവില്ല. എന്നാൽ സുഗന്ധകൂട്ടിൽ പൊതിഞ്ഞ അവന്റെ ശരീരത്തിന് വിശ്രമിക്കാൻ ഒരിടം കിട്ടി. പാറയിൽ വെട്ടിയുണ്ടാക്കിയതും അതുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്തതുമായ ഒരു കല്ലറ. അതുവരെ നിഷേധിക്കപ്പെട്ട ഇടം ലഭിച്ചപ്പോൾ പിന്നീട് വലിയ അത്ഭുതമാണ് സംഭവിക്കുക. മൃതനായവന്റെ ഉത്ഥാനം.

ഇടം നിഷേധിക്കപ്പെട്ടവരുടെ ഉത്സവമാണ് ഈസ്റ്റർ. ഇന്നലെവരെ നിന്റെ അത്താഴമേശയുടെ പ്രാർത്ഥനയുടെ കരുതലിന്റെയൊക്കെ ഒരു പങ്ക്, നിന്റെ ഹൃദയനന്മയുടെ കോലായിലെ ഇരിപ്പിടം ഇടം, നിഷേധിക്കപ്പെട്ടവരെ ഒന്ന് വിളിച്ചു ചേർക്കുക അവരും തന്റേതായ ഇടം കണ്ടെത്തിയവരായി തന്റേടികളായി അങ്ങനെ ഉത്ഥിതരായി മാറട്ടെ.

## വികാരിയച്ചന്റെ ജീവകാരുണ്യ ഫണ്ട് 2019
## മാർച്ച് മാസത്തെ വരവ്-ചിലവ് കണക്ക്

| | | വരവ് | ചിലവ് |
|---|---|---|---|
| **മുൻനീക്കിയിരുപ്പ്** | | **15,988.00** | |
| രസീത് | 1750 | 1082.00 | |
| | 1751 | 740.00 | |
| | 1752 | 1,475.00 | |
| | 1753 | 400.00 | |
| | 1754 | 230.00 | |
| | 1755 | 335.00 | |
| | 1756 | 1,397.00 | |
| | 1757 | 2,730.00 | |
| | 1758 | 230.00 | |
| | 1759 | 190.00 | |
| | 1760 | 70.00 | |
| | 1761 | 1150.00 | |
| | 1762 | 945.00 | |
| | 1763 | 580.00 | |
| | 1764 | 2000.00 | |
| | 1765 | 665.00 | |
| | 1766 | 280.00 | |
| | 1767 | 2000.00 | |
| | 1768 | 1691.00 | |
| | H 137 | 1,337.00 | |
| | H 138 | 5045.00 | |
| | H 138 | 1370.00 | |
| | H 141 | 78865.00 | |
| | H-150 | 60,000.00 | |
| ചികിത്സ സഹായം | | | 40,850.00 |
| മറ്റു സഹായങ്ങൾ | | | 7350.00 |
| ഭവനം | | | 38700.00 |
| ഭക്ഷണം | | | 2,000.00 |
| വിദ്യാഭ്യാസം | | | 5000.00 |
| | | **1,80,795.00** | **93,900.00** |
| **നീക്കിയിരുപ്പ്** | **86,895.00** | | |

# റീത്താ സൗഹൃദവേദി

## 2019 മാർച്ച് മാസത്തെ വരവ് ചിലവ് കണക്ക്

| | വരവ് | ചിലവ് |
|---|---|---|
| നീക്കിയിരിപ്പ് | 1315 | |
| രസീത് 1095 | 2350 | |
| 1096 | 4500 | |
| 1097 | 4500 | |
| 1098 | 2000 | |
| 1099 | 1000 | |
| 1000 | 1000 | |
| 1001 | 1000 | |
| 1002 | 500 | |
| ജയാസൂപ്പർമാർക്കറ്റ് അരിവരവ് | 1800 | |
| തൻമാസം അബ്രോ/അഭയ ഭവൻ ഞായർ ഭക്ഷണച്ചെലവ് | | 18415 |
| നീക്കിയിരിപ്പ് | | 1550 |
| **ആകെ** | 19965 | 19965 |
| **ചാസിൽ നീക്കിയിരിപ്പ് 4000/-** | | |

# ഉദ്ദിഷ്ഠ കാര്യം സാധിച്ചതിന് ഉപകാരസ്മരണ

ജിജോ മണ്ണാർ കുന്ന്





## ഞങ്ങൾ വരവായ്

| | |
|---|---|
| തലയിണക്കുഴി നിഖിൽ ജേക്കബ് മജ്ഞു ജോർജ് മകൾ മരിയ | 02-02-2019 |
| പറയരുകുഴിയിൽ ജോബിൻ പി.എസ് ജിസ്മി ജോസഫ് മകൾ ജൂവന്ന ജോബിൻ | 03-03-2019 |
| മാറാമ്പിൽ ഷിൽനസ് ജോസഫ് സൗമ്യ മകൻ പീറ്റർ | 06-04-2019 |
| വരകുകാലായിൽ സജിമോൻ ജോസഫ് മഞ്ജു സജി മകൾ റ്റെസ്സാ മരിയ | 20-04-2019 |
| തുരുത്തേൽപറമ്പിൽ,സോബിൻ റ്റി. ജോൺ സിജി വി മകൾ അഭിയ റ്റി സോബിൻ | 20-04-2019 |
| ഉള്ളംപള്ളിൽ മനോജ് മാത്യു ജെൻസി പി.തോമസ് മകൻ ജറോം മനോജ് | 20-04-2019 |
| തേക്കുനിൽക്കുംപറമ്പിൽ മെബി മാത്യു ഹണി ബേബി ജോർജ് മകൾ ഇസബെൽ ആൻ മെബി | 20-04-2019 |



## ഞങ്ങൾ ഓർമ്മയായ്

| | | |
|---|---|---|
| ഒഴുവകണ്ടത്തിൽ മത്തായി ദേവസ്യാ | 94 | 25-03-2019 |
| തെങ്ങുംതോട്ടത്തിൽ നവീൻ സാബു | 17 | 31-03-2019 |
| അമ്പലക്കുളം ലില്ലിക്കുട്ടി ജോർജ് | 83 | 02-04-2019 |
| പ്ലാത്തോട്ടത്തിൽ അന്നമ്മ കുര്യാക്കോസ് | 93 | 03-04-2019 |
| പൊയ്യാറ്റിൽ കത്രിക്കുട്ടി കുര്യൻ | 82 | 05-04-2019 |
| പറയരുകുഴിതറപ്പേൽ പി. ഡി ജോസഫ് | 99 | 06-04-2019 |
| മാണിക്കത്ത് ജിജോ കുര്യൻ | 46 | 09-04-2019 |
| മണ്ണഞ്ചേരി (നെടിയകാലാ)ബ്രജീത്താ ദേവസ്യാ | 93 | 13-04-2019 |
| പുതുശ്ശേരിൽ പി.എം. ജോർജ് | 93 | 17-04-2019 |

# തിരുവചന വായനകൾ

**മെയ്**

**ഉയിർപ്പുകാലം**

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | 1<br>ഗലാ 5:1-6<br>മർക്കോ 7:31-37 | 2<br>ഫിലി 1:27-30<br>മത്താ 15:21-28 | 3<br>പുറ 15:1-6<br>ജ്ഞാനം 5:1-7<br>1കൊറി9:16-23 | 4<br>കൊളോ 3:14-17<br>ലൂക്കാ 24:36-43 |
| 5<br>ഏശ 36:1-7<br>ശ്ലീഹ നട. 534-42<br>എഫേ 11-14<br>യോഹ 14:1-14 | 6<br>യാക്കോ 5:7-12<br>മത്താ 25:1-13 | 7<br>1 തെസ 5:12-22<br>മർക്കോ 4:13-20 | 8<br>ഫിലി 1:21-26<br>മത്ത 8:1-4 | 9<br>2 കൊറി 8:1-11<br>മർക്കോ 4:35-41 | 10<br>റോമാ 15:1-6<br>ലൂക്കാ 6:6-11 | 11<br>യാക്കോ 2:14-17<br>ലൂക്കാ 6:45-49 |
| 12<br>ഏശ 49:13-23<br>ശ്ലീഹ നട. 8:14 - 25<br>എഫേ 1:15-2:7<br>യോഹ 16:16-33 | 13<br>1 തിമോ 6:13-16<br>ലൂക്കാ 20:9-16 | 14<br>1 തിമോ 6:17-21<br>മത്താ 19:23-30 | 15<br>ഹെബ്രാ 7:1-10<br>യോഹ 5:30-38 | 16<br>2 പത്രോ 2:1-3<br>മത്താ 5:30-38 | 17<br>എഫെ 5:13-21<br>മർക്കോ 6:35-44 | 18<br>1 കൊറി 14:20 - 25<br>മർക്കോ 6:1-6 |
| 19<br>ഏശ 49:7-12<br>ശ്ലീഹ നട. 91-19<br>ഹെബ്രാ 10:19-36 | 20<br>1 പത്രോ 4:12-19<br>ലൂക്കാ 11:29-32 | 21<br>യാക്കോ 1:22-27<br>മത്താ 21:19-22 | 22<br>കൊളോ 3:5-11<br>യോഹ 3:1-8 | 23<br>ഹെബ്രാ 3:7-13<br>യോഹ 5:24-29 | 24<br>1കൊറി 2:1-5<br>മത്താ 15:10-20 | 25<br>ഹെബ്രാ 7:11-17<br>യോഹ 15:26-16 |
| 26<br>ഏശ 5:1-9<br>ശ്ലീഹ നട. 10:1-16<br>എഫേ 2:4-22<br>യോഹ 17:1-26 | 27<br>1 പത്രോ 2:1-5<br>മത്താ 23:23-28 | 28<br>2 പത്രോ 3:10-13<br>മർക്കോ 13:32-37 | 29<br>എഫേ 5:1-5<br>യോഹ 15:11-17 | 30<br>2 രാജാ 2:1-15<br>ശ്ലീഹ.നട. 11-14<br>1തിമോ 1:18-2:15<br>ലൂക്കാ 24:36-53 | 31<br>ഫിലി 3:12-15<br>യോഹ 3:31-36 | |




വിമല ക്വിസ് ഉത്തരങ്ങൾ എല്ലാ മാസവും 10-ാം തീയതിക്ക് മുമ്പ് വിമല ബോക്സിൽ നിക്ഷേപിക്കുക.

## വിമല ക്വിസ് ചോദ്യങ്ങൾ

1. എന്റെ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും................................ ?
2. ചരിത്രത്തിന് രക്ഷാകരമായ അർത്ഥവും മൂല്യവും പകരുന്നത്------------ ആണ്?
3. പെസഹാ സംഭവത്തിന്റെ കാതൽ
4. മാമ്മോദീസാ സ്വീകരിക്കാൻ ഏറ്റം അനുയോജ്യമായ ദിവസം ഏത്?
5. ഓശാന ഞായറാഴ്ചയുടെ തലേ ശനിയാഴ്ച-– എന്നാണ് അറിയപ്പെടുന്നത്?
6. കർത്താവിന്റെ കല്പനയനുസരിച്ചുള്ള സുവിശേഷ പ്രഘോഷണം സഭയിൽ നിർവ്വഹിക്കപ്പെടുന്നത് എതെല്ലാം വിധത്തിലാണ്?
7. ദൈവിക വെളിപാട് കൈമാറ്റപ്പെടുന്ന 2 വഴികൾ ?
8. വി.മർക്കോസ് സുവിശേഷകന്റെ തിരുനാൾ ദിനം?
9. സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുന്നതെന്ന്?
10. ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ സജീവസ്മരണ നിലനിർത്തുന്ന ആഘോഷങ്ങൾ ഏവ?

## കഴിഞ്ഞലക്കം ശരിയുത്തരങ്ങൾ

1. കാമർലങ്കോ
2. തെക്കേ അമേരിക്കയിലെ പനാമ നഗരത്തിൽ
3. പെസഹാ സംഭവത്തിലൂടെ
4. ഉയിർപ്പു തിരുനാൾ
5. 50 നോമ്പ് , 25 നോമ്പ്, 15 നോമ്പ്, 8 നോമ്പ് , 3 നോമ്പ്
6. 50 നോമ്പ്
7. മാർച്ച് 25
8. ഹിബ്രു- ദാബാർ ഗ്രീക്ക്- ലോഗോസ്
9. അബ്രാഹത്തിന്റെ വിളി, മോശയുമായി ഉണ്ടാക്കിയ സീനായ് ഉടമ്പടി, പുത്രൻതമ്പുരാൻ മനുഷ്യനായി അവതരിച്ചത്.
10. അനുതപിക്കുവാനും മാനസാന്തരപ്പെടുവാനും

### ശരിയുത്തരം അയച്ചവർ

1. അന്നമ്മ സേവ്യർ അരിക്കൊടി ജെറിൻവില്ല പാറോലിക്കൽ സെന്റ് തോമസ്

2. അരുൺ വർക്കി ചെമ്പനാനി, റീത്താ ചാവറ കുര്യാക്കോസ് ഏലിയാസ്
3. ലിയോ സെബിൻ ലിനീഷ് നടയ്ക്കൽ റീത്താ സെന്റ് തോമസ്
5. സെലിൻ അബ്രാഹം ഐക്കരകുന്നേൽ മാറാമ്പ് സെന്റ് ജോസഫ്
6. സോനാ സജി കൊല്ലപ്പള്ളി സെൻട്രൽ സെന്റ് റീത്ത
7. മിനി ബെന്നി മ്ലാവിൽ ഹോളിഫാമിലി സെന്റ് തോമസ്
8. സൂസമ്മ ജോസ് ചക്കാലയ്ക്കൽ, മാന്നാനം സെന്റ് മേരീസ്
9. ജോസ് കെ.ജെ. കുഴിയാത്ത് മാറാമ്പ് സെന്റ് തോമസ്
10. കുഞ്ഞുമോൾ ജോസ് കുന്നേൽ, മുണ്ടകപ്പാടം സെന്റ് ജോർജ്
11. സജിനി സജി കല്ലുമ്പുറത്ത് മനയ്ക്കപ്പാടം സെന്റ് ജോസഫ്
12. ലത മൂലയിൽ മാറാമ്പ് സെന്റ് ഫ്രാൻസീസ്
13. ഐസക്ക് എസ് വടക്കേടം, സെൻട്രൽ സെന്റ് സെബാസ്റ്റ്യൻ
14. ട്രീസാ മരിയ വടക്കേടം, സെൻട്രൽ സെന്റ് സെബാസ്റ്റ്യൻ
15 പി.വി. വർഗ്ഗീസ് പുന്നമുകളേൽ , മനയ്ക്കപ്പാടം സെന്റ് തോമസ്
16. ഏലിയാമ്മ ചാക്കോ തടത്തിൽ ,ഹോളിഫാമിലി സെന്റ് കുര്യാക്കോസ്
17. ജോർജ് സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽമനയ്ക്കപ്പാടം സെന്റ് മേരീസ്
18. മറിയം ദേവസ്യാ കണ്ണംതൊട്ടിയിൽ, ഹോളിഫാമിലി സെന്റ് ആന്റണി
19. റെസി ആന്റണി കായിത്തറ ,മാന്നാനം സെന്റ് മേരീസ്
20. സോളി മാത്യു പ്ലാമ്മൂട്ടിൽ മാർസ്ലീവാ സെന്റ് മേരീസ്
21. അന്നമ്മ വർക്കി കടുംബശ്ശേരിൽ, മാന്നാനം സെന്റ് ജോസഫ്
22. അൽഫോൻസാ പോൾ വട്ടുകുളം, മുണ്ടകപ്പാടം സെന്റ് തോമസ്
23 ആലീസ് ജോസ് പുത്തൂർ മാറാമ്പ് സെന്റ് സെബാസ്റ്റ്യൻ
24. അലൻ സിബി ഓലംകണ്ണേൽ മാറാമ്പ് സെന്റ് റീത്താ
25 ജോസ് കെ.ജെ കുഴിയാത്ത് ,മാറാമ്പ് സെന്റ് തോമസ്
26. ജിജി മാത്യു പള്ളിയ്ക്കൽ മാറാമ്പ് സെന്റ് ജോസഫ്

*ഒരു വീട്ടിൽ നിന്നും ഒരാൾ മാത്രമേ ഉത്തരം എഴുതി ഇടാവൂ.*

## ശരിയുത്തരം അയച്ചവരിൽനിന്നും നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെട്ടവർ

**1 ലിയോ സെബിൻ ലിനീഷ് നടയ്ക്കൽ റീത്താ സെന്റ് തോമസ്**
**2 സൂസമ്മ ജോസ് ചക്കാലയ്ക്കൽ, മാന്നാനം സെന്റ് മേരീസ്**
**3 ആലീസ് ജോസ് പുത്തൂർ മാറാമ്പ് സെന്റ് സെബാസ്റ്റ്യൻ**

**സമ്മാനാർഹർ സെന്റ് മേരീസ് സ്റ്റാളിൽനിന്നും സമ്മാനം കൈപ്പറ്റേണ്ടതാണ്**

# May

## മാസത്തിൽ ഓർമ്മിക്കാൻ

| | | | |
|---|---|---|---|
| 1 മേയ് | ബുധൻ | മേയ്ദിനം | വണക്കമാസാരംഭം<br>തൊഴിലാളി ദിനം |
| 3, 4, 5 | | | തിരുനാൾ, പാറോലിക്കൽ ചാപ്പൽ |
| 3 ആദ്യവെള്ളി | | | വചനപ്രഘോഷണം, |
| 4 ശനി | | 2.30 pm | സീനിയർ സിറ്റിസൺസ് ഫോറം മീറ്റിംഗ്. |
| 4 ശനി | | | **ആഘോഷമായ<br>കുർബാന സ്വീകരണം** |
| 5 ഞായർ | | 3.00 pm | കുടുംബകൂട്ടായ്മ ലീഡർമാരുടെ മീറ്റിംഗ് |
| 8–12 | | | അഭിഷേകാഗ്നി കൺവൻഷൻ |
| 1–11 | | | വിവിധ പാരീഷ് കൗൺസിൽ കമ്മിറ്റികൾ |
| 14 ചൊവ്വ | | | മത്തിയാസ് ശ്ലീഹാ |
| 15 ബുധൻ | | | കതിരുകളുടെ നാഥയായ മറിയം |
| 16–26 | | | വിശുദ്ധനാട് തീർത്ഥാടനം |
| 19 ഞായർ | | | **പന്തക്കുസ്തത്തിരുനാൾ** |
| 20 തിങ്കൾ | | | അതിരൂപതാദിനം |
| 25 ബുധൻ | | | ഷാന്തളമ്മയുടെ ഓർമ്മദിനം |
| 24,25,26 | | | തിരുനാൾ, റീത്താ ചാപ്പൽ |
| 30 വ്യാഴം | | | **കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ** (കടമുള്ള ദിവസം) |


അഭിഷേകാഗ്നി കാൽനാട്ട് കർമ്മം


കൂട്ടുകാർക്കൊരു സ്നേഹവീട് പദ്ധതിയുടെ ഭാഗമായി യുവദീപ്തി സെൻട്രൽ യൂണിറ്റ് നിർമ്മിച്ച് നല്കിയ ഭവനം




# വിശ്വാസോത്സവ ദിനങ്ങളിലൂടെ...









അതിരമ്പുഴയിൽ നടന്ന അതിരൂപതാ യുവദീപ്തി വനിതാസംഗമം പ്രതീക 2K19




തീർത്ഥാടന കേന്ദ്രമായ
അതിരമ്പുഴ
സെന്റ് മേരീസ് ഫൊറോന
പള്ളിയിൽ
അഭിഷേകാഗ്നി
കൺവൻഷൻ
ഫാ. സേവ്യർഖാൻ വട്ടായിൽ
നയിക്കുന്നു
2019
മെയ് 8 മുതൽ 12 വരെ
സമയം: 4.00 pm മുതൽ
9.30 pm വരെ
അതിരമ്പുഴ പള്ളി മൈതാനം